29
2025
ഏപ്രിൽ
ചൊവ്വ
മേടം 16

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.127 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-127 | പേജ് 4. വില 2.00 രൂപ

02 ഷൈനും ശ്രീനാഥും ചോദ്യം ചെയ്യലിന് ഹാജരായി
03 ഭീകരരെ സുരക്ഷാസേന കണ്ടെത്തിയെന്ന് റിപ്പോർട്ട്
04 പാക്കിസ്ഥാന് സഹായവുമായി ചൈന; ദീർഘദൂര മിസൈലുകൾ നൽകി

# മുതലപ്പൊഴിയിൽ അപകടം; വള്ളം മറിഞ്ഞ് ഒരു മരണം

തിരുവനന്തപുരം: മുതലപ്പൊഴിയിൽ വീണ്ടും വള്ളം മറിഞ്ഞു ഒരാൾ മരിച്ചു. പുതുക്കുറിച്ചി സ്വദേശി ജോണിയാണ് മരിച്ചത്. പുലർച്ച 3: 30 മണിയോടെയായിരുന്നു അപകടം. വള്ളത്തിൽ ഉണ്ടായിരുന്ന ബാക്കിയുള്ളവർ നീന്തി രക്ഷപ്പെട്ടു. പുലർച്ച 3: 30 മണിയോടെയായിരുന്നു അപകടം. മത്സ്യബന്ധനത്തിനായി പോകവെ അഴിമുഖത്തുണ്ടായ ശക്തമായ തിരയിൽപ്പെട്ട വള്ളം മറിയുകയായിരുന്നു.



കേരളത്തിൽ മത്സ്യബന്ധന ബോട്ടുകൾ ഏറ്റവും കൂടുതൽ അപകടത്തിൽ പെടുന്നത് തിരുവനന്തപുരം മുതലപ്പൊഴിയിലാണ്. കഴിഞ്ഞ ദിവസവും മുതലപ്പൊഴിയിൽ വള്ളം മറിഞ്ഞിരുന്നു. കടലിലേക്ക് വീണ മൂന്ന് തൊഴിലാളികൾ നീന്തിക്കയറി. തിങ്കളാഴ്ചയും മുതലപ്പൊഴിയിൽ വള്ളം മറിഞ്ഞിരുന്നു. രണ്ട് മത്സ്യതൊഴിലാളികൾക്കാണ് പരിക്കേറ്റത്. ശക്തമായ തിരമാലയിൽ നിയന്ത്രണം വിട്ട ബോട്ട് പുലിമുട്ടിൽ ഇടിക്കുകയായിരുന്നു.

ഇടിയുടെ ആഘാതത്തിൽ ഒരാൾ കടലിലേക്ക് തെറിച്ചുവീണു. കടലിൽ വീണ മത്സ്യതൊഴിലാളിക്ക് തലയ്ക്ക് പരിക്കേറ്റിരുന്നു.

ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തിങ്കളാഴ്ച പുലർച്ചെ നടന്ന അപകടത്തിൽ വള്ളം മറിയുകയും അഞ്ച് മത്സ്യതൊഴിലാളികൾ കടലിലേക്ക് തെറിച്ചുവീഴുകയും ചെയ്തിരുന്നു.

## തീരദേശ മത്സ്യത്തൊഴിലാളികളുടെ ഭാവി ചർച്ച ചെയ്യുന്നതിനായി ഏപ്രിൽ 28 ന് മുംബൈയിൽ ദേശീയ യോഗം

മുംബൈ, ഏപ്രിൽ 24 (ഡചക) തീരദേശ മത്സ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും, അവരുടെ ഭാവിയിലേക്കുള്ള തീരദേശ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, അവരുടെ വികസന പദ്ധതികളെക്കുറിച്ച് സമഗ്രമായ ചർച്ച നടത്തുന്നതിനുമായി, ഏപ്രിൽ 28 ന് മുംബൈയിൽ കേന്ദ്ര മൃഗസംരക്ഷണ, ക്ഷീര, മത്സ്യബന്ധന മന്ത്രി രാജീവ് രഞ്ജന്റെ അധ്യക്ഷതയിൽ രാജ്യത്തെ എല്ലാ തീരദേശ സംസ്ഥാനങ്ങളിലെയും മത്സ്യബന്ധന മന്ത്രിമാരുമായി ഒരു യോഗം സംഘടിപ്പിക്കും.

വ്യാഴാഴ്ച പുറത്തിറക്കിയ ഔദ്യോഗിക മാധ്യമ പ്രസ്താവനയിൽ, കേന്ദ്ര സർക്കാരിന്റെ മത്സ്യബന്ധന വകുപ്പ് മത്സ്യത്തൊഴിലാളികൾക്കായി പ്രധാനമന്ത്രി മത്സ്യ സമ്പത്ത യോജന, മത്സ്യബന്ധന അടിസ്ഥാന സൗകര്യ വികസന പദ്ധതി, പ്രധാനമന്ത്രി മത്സ്യ കിസാൻ സമൃദ്ധി സഹായ് യോജന, കിസാൻ ക്രെഡിറ്റ് കാർഡ് തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്ന് പറഞ്ഞു.

മത്സ്യബന്ധനത്തിന്റെയും മത്സ്യബന്ധനത്തിന്റെയും വളർച്ച പ്രോത്സാഹിപ്പിക്കുകയും മത്സ്യത്തൊഴിലാളികളുടെയും മത്സ്യകർഷകരുടെയും സാമൂഹികസാമ്പത്തിക ക്ഷേമം ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതികളുടെ ലക്ഷ്യം.

ധാരാളം മത്സ്യത്തൊഴിലാളികളുടെയും മത്സ്യകർഷകരുടെയും ഉപജീവനമാർഗ്ഗത്തെ പിന്തുണയ്ക്കുന്നതിനായി തീരദേശ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും സമുദ്രോത്പാദനം, സംസ്കരണം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നു. ഇതിലൂടെ അവർ രാജ്യത്തിന്റെ മൊത്ത ദേശീയ വരുമാനത്തിനും ഭക്ഷ്യസുരക്ഷയ്ക്കും ഗണ്യമായ സംഭാവന നൽകുന്നു.

അതനുസരിച്ച്, മത്സ്യത്തൊഴിലാളികളുടെ ഭാവിഗതി, തീരദേശ പ്രശ്നങ്ങൾ, വികസന പദ്ധതികൾ എന്നിവ ഈ യോഗത്തിൽ വിശദമായി ചർച്ച ചെയ്യുമെന്ന് പ്രസ്താവനയിൽ കൂട്ടിച്ചേർത്തു.

## കഞ്ചാവ് കേസിൽ ജാമ്യത്തിൽ ഇറങ്ങി, പുലിപ്പല്ല് കേസിൽ വേടനെ കുടുക്കി

കൊച്ചി : കഞ്ചാവ് കേസിൽ ജാമ്യം ലഭിച്ച റാപ്പർ വേടനെ വനംവകുപ്പ് കസ്റ്റഡിയിലെടുത്തു. നേരത്തെ ഫ്ലാറ്റിൽ നിന്ന് 5 ഗ്രം കഞ്ചാവ് പിടിച്ച കേസിൽ വേടനെയും മ്യൂസിക് ബാൻഡിലെ അംഗങ്ങളായ എട്ടു പേരെയും പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. എന്നാൽ, പിടിച്ചെടുത്ത കഞ്ചാവിന്റെ അളവ് കുറവായിരുന്നതിനാലാണ് ഇവർക്ക് സ്റ്റേഷൻ ജാമ്യം ലഭിച്ചത്. സ്റ്റേഷനിൽനിന്നു ജാമ്യം നേടിയതിനു പിന്നാലെ തന്നെ വേടനെ വനം വകുപ്പ് ഉദ്യോഗസ്ഥർ കസ്റ്റഡിയിൽ എടുക്കുകയായിരുന്നു.



മാലയിൽനിന്നു കണ്ടെത്തിയ പുലിയുടെ പല്ലാണ് നാടകീയ സംഭവങ്ങൾക്കു വഴിയൊരുക്കിയത്. പുലിപ്പല്ല് തമിഴ്നാട്ടിൽ നിന്നുള്ള ആരാധകൻ സമ്മാനിച്ചത് ആണെന്നാണ് വേടന്റെ വിശദീകരണം. ഇതുമായി ബന്ധപ്പെട്ട കൂടുതൽ തെളിവെടുപ്പിനായി വേടനെ കോടനാട് റേഞ്ച് ഓഫിസ് പരിധിയിലെ മേയ്ക്കപ്പാല സ്റ്റേഷനിലേക്കു കൊണ്ടുപോകും. നാളെ പെരുമ്പാവൂർ മുൻസിഫ് കോടതിയിൽ ഹാജരാക്കുകയും ചെയ്യും.

## ഭാര്യയെ പട്ടിണിക്കിട്ട് കൊലപ്പെടുത്തിയ കേസിൽ ഭർത്താവിനും ഭർതൃമാതാവിനും ജീവപര്യന്തം

കൊല്ലം: സ്ത്രീധനത്തിന്റെ പേരിൽ ഭാര്യയെ പട്ടിണിക്കിട്ട് കൊലപ്പെടുത്തിയ കേസിൽ ഭർത്താവിനും ഭർതൃമാതാവിനും ജീവപര്യന്തം. പൂയപ്പള്ളി ചരുവിള വീട്ടിൽ ചന്തുലാൽ (36), മാതാവ് ഗീത ലാലി (62) എന്നിവരെയാണ് കൊല്ലം അഡീഷണൽ സെഷൻസ് കോടതി ജീവപര്യന്തം ശിക്ഷിച്ചത്. ഇരുവർക്കും ഒരു ലക്ഷം രൂപ വീതം പിഴയും ചുമത്തി.

അയണിവേലിൽ സൗത്ത് തുഷാര ഭവനിൽ തുഷാരയെ കൊലപ്പെടുത്തിയ കേസിലാണ് കോടതി നടപടി. ജഡ്ജി എസ്. സുഭാഷാണ് ശിക്ഷ വിധിച്ചത്. ചന്തുലാലിന്റെ പിതാവും കേസിലെ മൂന്നാം പ്രതിയുമായ ലാലിയെ (66) ഒന്നര വർഷം മുൻപ് ഇത്തിക്കര ആറിനു സമീപം മരിച്ചനിലയിൽ കണ്ടെത്തിയതോടെ കേസിൽ നിന്നൊഴിവാക്കിയിരുന്നു.

വിവാഹം കഴിഞ്ഞ് അഞ്ചര വർഷം കഴിഞ്ഞാണ് തുഷാര (28) കൊല്ലപ്പെട്ടത്. പോസ്റ്റ്മോർട്ടത്തിലാണു കൊലപാതകത്തിന്റെ ചുരുളഴിഞ്ഞത്. മൃതദേഹത്തിന്റെ ഭാരം 21 കിലോഗ്രാം ആയിരുന്നു. ആമാശയത്തിൽ ഭക്ഷണത്തിന്റെ അംശം ഇല്ലായിരുന്നുവെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. 2013ൽ ആയിരുന്നു ചന്തുലാലിന്റെയും തുഷാരയുടെയും വിവാഹം. മൂന്നാം മാസം മുതൽ സ്ത്രീധനത്തുക ആവശ്യപ്പെട്ട് തുഷാരയെയും കുടുംബത്തെയും ശാരീരികമായും മാനസികമായും പീഡിപ്പിച്ചെന്നു കണ്ടെത്തിയിരുന്നു.

## വിഖ്യാത സംവിധായകൻ ഷാജി എൻ. കരുൺ അന്തരിച്ചു

തിരുവനന്തപുരം: വിഖ്യാത സംവിധായകനും ഛായാഗ്രാഹകനുമായ ഷാജി എൻ. കരുൺ (73) അന്തരിച്ചു. അർബുദബാധിതനായി ചികിത്സയിലായിരുന്നു. വൈകീട്ട് അഞ്ചുമണിയോടെ വഴുതക്കാട് ഉദാരശിരോമണി റോഡിലെ വസതിയായ 'പിറവി'യിലായിരുന്നു അന്ത്യം. നിലവിൽ കെ.എസ്.എഫ്.ഡി.സി ചെയർമാനായി പ്രവർത്തിക്കുകയായിരുന്നു.



മലയാള സിനിമയെ ദേശീയ അന്തർദേശീയ തലങ്ങളിൽ അടയാളപ്പെടുത്തിയ പ്രതിഭയെയാണ് നഷ്ടമായത്. ഛായാഗ്രാഹകനായി മലയാള സിനിമയിൽ അരങ്ങേറിയ അദ്ദേഹം 40ഓളം ചിത്രങ്ങൾക്ക് ക്യാമറ ചലിപ്പിച്ചു. സംവിധായകനെന്ന നിലയിൽ 'പിറവി'യാണ് ആദ്യ ചിത്രം. 'പിറവി'യ്ക്ക് 1989ലെ കാൻ ഫിലിം ഫെസ്റ്റിവലിൽ ഗോൾഡൻ ക്യാമറ പ്രത്യേക പരാമർശം ലഭിച്ചു. രണ്ടാമത്തെ ചിത്രമായ 'സ്വം' കാൻ ഫിലിം ഫെസ്റ്റിവലിലെ മത്സരവിഭാഗത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഏകമലയാള ചിത്രമാണ്. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ അധ്യക്ഷസ്ഥാനവും ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള (ഐഎഫ്എഫ്കെ)യുടെ അധ്യക്ഷസ്ഥാനവും വഹിച്ചിട്ടുണ്ട്. 2011ൽ പത്മശ്രീ അവാർഡിന് അർഹനായി. മലയാള ചലച്ചിത്രരം?ഗത്തെ ആയുഷ്കാല സംഭാവനയ്ക്കുള്ള 2023ലെ ജെ.സി.ഡാനിയേൽ പുരസ്കാരം ലഭിച്ചിരുന്നു.

1952ൽ കൊല്ലം ജില്ലയിൽ ജനിച്ച ഷാജി എൻ. കരുൺ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ബിരുദവും 1974ൽ പുണെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ഛായാഗ്രഹണത്തിൽ ഡിപ്ലോമയും നേടി. 1975ൽ കേരള സംസ്ഥാന ചലച്ചിത്ര വികസനകോർപ്പറേഷന്റെ രൂപവത്കരണത്തിൽ മുഖ്യ പങ്കു വഹിച്ചു. 1976ൽ കെ.എസ്.എഫ്.ഡി.സിയിൽ ഫിലിം ഓഫീസർ ആയി ചുമതലയേറ്റു. കാഞ്ചനസീത, തമ്പ്, കുമ്മാട്ടി, എസ്തപ്പാൻ, പോക്കുവെയിൽ, ചിദംബരം, ഒരിടത്ത് തുടങ്ങിയ അരവിന്ദൻ ചിത്രങ്ങളുടെ ഛായാഗ്രഹണം നിർവഹിച്ച അദ്ദേഹം മികച്ച ഛായാഗ്രാഹകനുള്ള ദേശീയ അവാർഡും മൂന്ന് സംസ്ഥാന അവാർഡുകളും നേടിയിട്ടുണ്ട്.

1988ൽ സംവിധാനം ചെയ്ത 'പിറവി'യാണ് ആദ്യ സംവിധാന സംരംഭം. പിറവി, സ്വം, വാനപ്രസ്ഥം എന്നീ ചിത്രങ്ങളിലൂടെ, കാൻ മേളയുടെ ഔദ്യോഗിക വിഭാഗത്തിൽ തുടർച്ചയായ മൂന്നു ചിത്രങ്ങൾ തിരഞ്ഞെടുക്കപ്പെടുന്ന ലോകസിനിമയിലെ അപൂർവം സംവിധായകരിലൊരാളായി. കുട്ടിസ്രാങ്ക്, സ്വപാനം, നിഷാദ്, ഓള് എന്നിവയാണ് ശ്രദ്ധേയമായ മറ്റ് സിനിമകൾ. ഏഴ് ദേശീയ പുരസ്കാരങ്ങളും ഏഴ് സംസ്ഥാന പുരസ്കാരങ്ങളും നേടിയിട്ടുണ്ട്. കലാസാംസ്കാരിക രംഗത്തെ സംഭാവനയ്ക്കുള്ള ഫ്രഞ്ച് സർക്കാരിന്റെ അന്താരാഷ്ട്ര അംഗീകാരമായ 'ദ ഓർഡർ ഓഫ് ആർട്സ് ആന്റ് ലെറ്റേഴ്സ്', പത്മശ്രീ ബഹുമതികളും ലഭിച്ചിട്ടുണ്ട്. 1998ൽ രൂപം കൊണ്ട കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ആദ്യ ചെയർമാൻ ആയിരുന്നു. അദ്ദേഹം ചെയർമാനായിരുന്ന കാലത്താണ് ഐ.എഫ്.എഫ്.കെയിൽ മത്സരവിഭാഗം ആരംഭിച്ചതും മേളയ്ക്ക് 'ഫിയാഫി'ന്റെ അംഗീകാരം ലഭിച്ചതും.

## സിന്ധു നദീജല കരാർ പിന്മാറ്റം: ഉന്നത ഇന്ത്യൻ ഉദ്യോഗസ്ഥർ ഡാം സന്ദർശിക്കും

ന്യൂഡൽഹി: പഹൽഗാമിലെ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ സിന്ധു നദീജല കരാർ പിൻമാറ്റത്തിൽനിന്നു പിന്നോട്ടില്ലെന്നു വ്യക്തമാക്കി ഇന്ത്യ. ജലവിഭവ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ ഉടൻ ഡാം സന്ദർശിച്ച് കേന്ദ്ര സർക്കാരിന് റിപ്പോർട്ട് നൽകും.

അതേസമയം മുന്നറിയിപ്പില്ലാതെ വെള്ളം തുറന്നുവിട്ട ഇന്ത്യയുടെ നടപടിക്കെതിരേ പാക്കിസ്ഥാൻ ലോക ബാങ്കിനെയും അന്താരാഷ്ട്ര തർക്കപരിഹാര കോടതിയെയും സമീപിക്കും.



# മലിനമായ വെള്ളവും ഭക്ഷണവും ആപത്ത്: കോളറയ്ക്കെതിരെ ജാഗ്രത

### നിർജലീകരണം ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം

മലിനമായ വെള്ളത്തിലൂടെയും ഭക്ഷണത്തിലൂടെയും കോളറ പകരാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. വേനൽക്കാലമായതിനാൽ പ്രത്യേകം ശ്രദ്ധിക്കണം. കോളറ ലക്ഷണങ്ങൾ കണ്ടാൽ ഉടൻതന്നെ ചികിത്സ തേടണം. വയറിളക്കം, ഛർദ്ദി, പേശി വേദന, നിർജ്ജലീകരണം എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ. തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക, പഴകിയ ഭക്ഷണം ഒഴിവാക്കുക, പഴങ്ങളും പച്ചക്കറികളും നന്നായി കഴുകി ഉപയോഗിക്കുക, വ്യക്തി ശുചിത്വം പാലിക്കുക എന്നിവയിലൂടെ രോഗം പകരാതെ സൂക്ഷിക്കാം. ആരോഗ്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.തിരുവനന്തപുരത്ത് മരണമടഞ്ഞ ഒരാൾക്ക് കോളറ സ്ഥിരീകരിച്ചതോടെ ആരോഗ്യ വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചിരുന്നു. ചികിത്സിച്ച ആശുപത്രിയിലെ ജീവനക്കാർക്കോ ബന്ധുക്കൾക്കോ രോഗ ലക്ഷണങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. അവർക്കെല്ലാവർക്കും പ്രതിരോധ മരുന്നുകൾ നൽകിയിട്ടുണ്ട്.

*കോളറ വളരെ ശ്രദ്ധിക്കണം*

വിബ്രിയോ കോളറ എന്നയിനം ബാക്ടീരിയ വഴിയുണ്ടാകുന്ന ഒരിനം വയറിളക്ക രോഗമാണ് കോളറ. ശ്രദ്ധിച്ചില്ലെങ്കിൽ ഈ രോഗം പെട്ടെന്ന് പടരും. രോഗ ലക്ഷണങ്ങൾ മാറിയാലും ഏതാനും ദിവസങ്ങൾ കൂടി രോഗിയിൽ നിന്ന് രോഗം പകരാനുള്ള സാധ്യതയുണ്ട്.

*രോഗപകർച്ച*

സാധാരണയായി മലിനമായ വെള്ളവും ഭക്ഷണവും വഴിയാണ് കോളറ പടരുന്നത്. രോഗാണുക്കൾ ശരീരത്തിലെത്തി ഏതാനും മണിക്കൂറുകൾ മുതൽ 5 ദിവസത്തിനുള്ളിൽ രോഗം വരാവുന്നതാണ്.

*രോഗ ലക്ഷണങ്ങൾ*

പെട്ടെന്നുള്ള കഠിനമായതും, വയറു വേദനയില്ലാത്തതും, വെള്ളം പോലെയുള്ള (പലപ്പോഴും കഞ്ഞിവെള്ളം പോലെയുള്ള) വയറിളക്കമാണ് കോളറയുടെ രോഗ ലക്ഷണം. മിക്കപ്പോഴും ഛർദ്ദിയുമുണ്ടായിരിക്കും. ഇതേതുടർന്ന് രോഗി പെട്ടെന്ന് തന്നെ നിർജ്ജലീകരണത്തിലേക്കും തളർന്ന് കുഴഞ്ഞ അവസ്ഥയിലേക്കും എത്താം. ശരിയായ ചികിത്സ ലഭിച്ചില്ലെങ്കിൽ പെട്ടെന്ന് രോഗം ഗുരുതരമാകും.

ശ്രദ്ധിക്കുക

രോഗം ഗുരുതരവും മരണ കാരണവുമാകുന്നത് നിർജ്ജലീകരണം കൊണ്ടാണ്. ആയതിനാൽ അടിസ്ഥാനപരമായി മറ്റേതൊരു വയറിളക്ക രോഗ ചികിത്സയെയും പോലെ തന്നെയാണ് കോളറാ ചികിത്സയും. ആരംഭം മുതൽ ഒ.ആർ.എസ്. ലായനി ഉപയോഗിച്ചുള്ള പാനീയ ചികിത്സയിലൂടെ ഗുരുതരാവസ്ഥ കുറയ്ക്കാനും മരണം ഒഴിവാക്കാനും സാധിക്കും.

കോളറ പ്രതിരോധം

തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുക

ഭക്ഷണവും വെള്ളവും തുറന്ന് വയ്ക്കരുത്

ഭക്ഷ്യവസ്തുക്കൾ നന്നായി വേവിച്ച് മാത്രം കഴിക്കുക

ഭക്ഷണം പാകം ചെയ്യുന്നതിന് മുമ്പും ശേഷവും കൈകൾ നന്നായി കഴുകുക.

പഴങ്ങളും പച്ചക്കറികളും ശുദ്ധജലത്തിൽ നന്നായി കഴുകി മാത്രം ഉപയോഗിക്കുക

മലമൂത്ര വിസർജനത്തിന് ശേഷവും ആഹാരം കഴിക്കുന്നതിന് മുമ്പും സോപ്പ് ഉപയോഗിച്ച് കൈകൾ കഴുകുക

പരിസരം ശുചിയായി സൂക്ഷിക്കുക.

വയറിളക്കമോ ഛർദിലോ ഉണ്ടായാൽ ധാരാളം പാനീയം കുടിയ്ക്കുക

ഒ.ആർ.എസ്. പാനീയം ഏറെ നല്ലത്

എത്രയും വേഗം ചികിത്സ തേടുക.



പുതിയ അധ്യയനവർഷം മുതൽ സ്കൂളുകളിൽ ആരംഭിക്കുന്ന സൂംബാ ഡാൻസ് പരിശീലനത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം ഏപ്രിൽ 30ന് നടക്കുന്നതിന് മുന്നോടിയായി 15 സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ പരിശീലനം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി വിലയിരുത്തുന്നു

# സ്കൂൾ വിദ്യാർത്ഥികൾക്ക് പുതിയ അധ്യയന വർഷം മുതൽ സൂംബാ ഡാൻസ് പരിശീലനം; ഔദ്യോഗിക ഉദ്ഘാടനം ഏപ്രിൽ 30ന് മുഖ്യമന്ത്രി നിർവഹിക്കും

### പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ഉദ്ഘടനത്തിന് മുന്നോടിയായി നടന്ന പരിശീലനം വിലയിരുത്തി

സംസ്ഥാന സർക്കാരിന്റെ ലഹരിവിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായും കുട്ടികളുടെ അക്കാദമിക് ഇതര കഴിവുകൾ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായും സ്കൂൾ വിദ്യാർത്ഥികൾക്ക് പുതിയ അധ്യയന വർഷം മുതൽ സൂംബാ ഡാൻസ് പരിശീലനം നൽകും.

ഇതിന്റെ ഔദ്യോഗിക ഉദ്ഘാടനം ഏപ്രിൽ 30ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഏപ്രിൽ 30 ന് തിരുവനന്തപുരത്തെ 15 സ്കൂളുകളിൽ നിന്നായി ആയിരത്തിയഞ്ഞൂറോളം വിദ്യാർഥികൾ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ സൂംബാ അവതരിപ്പിക്കും. ഇതിനു മുന്നോടിയായി നടന്ന പരിശീലനം പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി വിലയിരുത്തി.

സർക്കാരിന്റെ ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി കൂടിയാണ് സൂംബാ ഡാൻസ് വിദ്യാർത്ഥികളെ പഠിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നു മന്ത്രി വി ശിവൻകുട്ടി പറഞ്ഞു.

കേരളത്തിൽ എല്ലാ സ്കൂളുകളിലും ഇത് പഠിക്കാൻ താല്പര്യമുള്ള കുട്ടികൾക്ക് ക്ലാസുകൾ നൽകും. സൂംബാ മാത്രമല്ല, യോഗ ഉൾപ്പെടെ കുട്ടികൾക്കു താല്പര്യമുള്ള കായിക ഇനങ്ങൾ പഠിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്കൂളുകളിൽ കായിക ഇനങ്ങൾക്ക് വേണ്ടി നീക്കി വച്ചിട്ടുള്ള സമയത്തു മറ്റു വിഷയങ്ങൾ പഠിപ്പിക്കേണ്ടതില്ല എന്ന് കർക്കശമായ നിർദേശവും നൽകിയിട്ടുണ്ടെന്നു മന്ത്രി അറിയിച്ചു.

# നോർക്ക റൂട്ട്സ് പ്രവാസി ഐഡി കാർഡുകളുടെ ഇൻഷുറൻസ് പരിരക്ഷ തുക അഞ്ചു ലക്ഷം രൂപയാക്കി ഉയർത്തി

നോർക്ക റൂട്ട്സിന്റെ പ്രവാസി തിരിച്ചറിയൽ കാർഡ്, എൻആർകെ ഇൻഷുറൻസ് കാർഡ്, സ്റ്റുഡന്റ് ഐഡി കാർഡ് എന്നിവയുടെ അപകടമരണ ഇൻഷുറൻസ് പരിരക്ഷ തുക അഞ്ചു ലക്ഷം രൂപയാക്കി ഉയർത്തി. നിലവിൽ നാലു ലക്ഷം രൂപയായിരുന്നു അപകട മരണ ഇൻഷുറൻസ് തുക. പ്രവാസി രക്ഷാ ഇൻഷുറൻസ് പോളിസിയുടെ അപകടമരണ ഇൻഷുറൻസ് പരിരക്ഷ തുക നിലവിലെ രണ്ടു ലക്ഷം രൂപയെന്നത് മൂന്നു ലക്ഷം രൂപയാക്കി വർധിപ്പിച്ചു.ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ മലയാളികൾക്കും ഇനി മുതൽ പ്രവാസി രക്ഷ ഇൻഷുറൻസ് പദ്ധതിയിൽ അംഗത്വം ലഭിക്കും. മെഡിക്കൽ കോഴ്സുകളിലേക്ക് എൻആർഐ സീറ്റിൽ പ്രവേശനത്തിന് അപേക്ഷിക്കുന്ന കുട്ടികൾക്ക് അവരുടെ സ്പോൺസറുടെ തിരിച്ചറിയൽ രേഖയായി നോർക്ക പ്രവാസി ഐഡി കാർഡ് സമർപ്പിക്കാമെന്നും നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശേരി അറിയിച്ചു.

പ്രവാസി ഐഡി കാർഡ്, എൻആർകെ ഇൻഷുറൻസ് കാർഡ്, സ്റ്റുഡന്റ് ഐഡി കാർഡ്, പ്രവാസി രക്ഷാ ഇൻഷുറൻസ് പോളിസി എന്നീ സേവനങ്ങളുടെ നിരക്കുകളും പുതുക്കിയിട്ടുണ്ട്. പ്രവാസി തിരിച്ചറിയൽ കാർഡ്, സ്റ്റുഡന്റ് ഐഡി കാർഡ്, എൻആർകെ ഇൻഷുറൻസ് കാർഡ് എന്നിവയുടെ പുതിയ നിരക്ക് ജിഎസ്ടി ഉൾപ്പെടെ 408 രൂപ വീതമാണ്(പഴയ നിരക്ക് 372 രൂപ വീതം). പ്രവാസി രക്ഷ ഇൻഷുറൻസ് പോളിസിയുടെ പുതിയ നിരക്ക് ജിഎസ്ടി ഉൾപ്പെടെ 661 രൂപയാണ്(പഴയ നിരക്ക് 649 രൂപ). 2025 ഏപ്രിൽ ഒന്നു മുതൽ ഐഡി കാർഡ്/ എൻപിആർഐ പോളിസി എടുക്കുന്ന പ്രവാസിക്ക് അപകടമരണം സംഭവിക്കുന്ന സാഹചര്യത്തിൽ വിദേശ രാജ്യങ്ങളിൽ നിന്നും ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് 50,000 രൂപയും ഇന്ത്യയ്ക്ക് അകത്തു നിന്നാണെങ്കിൽ 30,000 രൂപയും ധനസഹായം ലഭിക്കും.കാർഡുകൾ അപേക്ഷിക്കുന്നതിനും പുതുക്കുന്നതിനും sso.norkaroots.kerala.gov.in സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക്: 9567555821, 0471-2770543.

## യു.ജി.സി–നെറ്റ്/ ജെ.ആർ.എഫ് പരീക്ഷാ പരിശീലനം

കേരള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ യു.ജി.സി-നെറ്റ്/ ജെ.ആർ.എഫ് പരീക്ഷകളുടെ ജനറൽ പേപ്പറിന് പരിശീലന ക്ലാസ് മെയ് അവസാനവാരം ആരംഭിക്കും. താത്പര്യമുള്ളവർ തിരുവനന്തപുരം പി.എം.ജി ജംഗ്ഷനിലുള്ള സ്റ്റുഡൻസ് സെന്ററിൽ പ്രവർത്തിക്കുന്ന കേരള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ ഓഫീസിൽ ഫീസ് അടച്ചു രജിസ്റ്റർ ചെയ്യണം. വിശദവിവരങ്ങൾക്ക്: www.facebook.com/MCCTVM. ഫോൺ: 0471-2304577.

## 'കൂൾ' സ്കിൽ ടെസ്റ്റ് ഫലം പ്രഖ്യാപിച്ചു; 86.5% വിജയം

കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) നടപ്പാക്കുന്ന ഓൺലൈൻ പരിശീലന പദ്ധതിയായ 'കൂൾ' (ഗകഠഋ ഛുലി ഛിഹശില ഘലമൃിശിഴ) പതിനെട്ടാം ബാച്ചിന്റെ സ്കിൽടെസ്റ്റ് ഫലം പ്രഖ്യാപിച്ചു. പരിശീലനത്തിൽ പങ്കെടുത്ത 2000 അധ്യാപകരിൽ 1730പേർ (86.5%) കോഴ്സ് വിജയിച്ചു. ഫലം www.kite.kerala.gov.in ൽ ലഭ്യമാണ്.

## വിവരങ്ങൾ സമർപ്പിക്കണം

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് അംഗങ്ങൾക്ക് തടസ്സമില്ലാതെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി അംഗങ്ങളുടെ ആധാർ കാർഡ്, ഉപയോഗത്തിലുള്ള ബാങ്ക് പാസ്ബുക്ക്, ഫോൺ നമ്പർ എന്നീ വിവരങ്ങൾ ബോർഡിന്റെ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിനായി എത്രയും വേഗം ജില്ലാ ഓഫീസിൽ ഹാജരാക്കണം. 2020 നു ശേഷം പുതിയ അംഗത്വം എടുത്തവരും വിവാഹം, പ്രസവം, ചികിത്സ, വിദ്യാഭ്യാസം എന്നീ ആനുകൂല്യങ്ങൾക്ക് അപേക്ഷ സമർപ്പിച്ചവരും വീണ്ടും രേഖകൾ നൽകേണ്ടതില്ല. ജനന തീയതി തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി / ജനന സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലും ഹാജരാക്കണം. ക്ഷേമനിധി പാസ്ബുക്കിൽ പാസ്പോർട്ട് സൈസ് ഫോട്ടോ പതിക്കണം. വിശദവിവരങ്ങൾക്ക് : 0471 2729175.

## താത്പര്യപത്രം ക്ഷണിച്ചു

ട്രിഡയിൽ ടെക്നിക്കൽ എക്സ്പേർട്ട്, പ്രൊഫഷണൽ കൺസൾട്ടന്റ് സേവനങ്ങൾക്കായി താത്പര്യപത്രം ക്ഷണിച്ചു. ഉയർന്ന പ്രായപരിധി 65 വയസ്. വിശദവിവരങ്ങൾക്ക്: 2722748, 2722238, 2723177, www.trida.kerala.gov.in.

## ക്രിയേറ്റീവ് ഫെസ്റ്റ് 30 ന് മാനവീയം വീഥിയിൽ

പൊതുവിദ്യാഭ്യാസവകുപ്പും കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിയും (കുസാറ്റ്) സംയുക്തമായി നടത്തുന്ന ക്രിയേറ്റീവ് ഫെസ്റ്റ് '25 ഏപ്രിൽ 30 ന് രാവിലെ 10 ന് മാനവീയം വീഥിയിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.

അഡ്വ. ആന്റണി രാജു എം എൽ എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കുസാറ്റ് വൈസ് ചാൻസലർ ഡോ എം. ജുനൈദ് ബുഷ്റി, പൊതു വിദ്യാഭ്യാസ ഡയറക്ടർ എസ് ഷാനവാസ്, എസ് എസ് കെ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ഡോ എ ആർ സുപ്രിയ തുടങ്ങിയവർ പങ്കെടുക്കും.

നൈപുണ്യ വിദ്യാഭ്യാസത്തിനു പ്രധാന്യം നൽകുക എന്ന ലക്ഷ്യത്തോടെ ജില്ലയിൽ സ്ഥാപിച്ച 21 ക്രിയേറ്റീവ് കോർണറുകളിലെ കുട്ടികൾ തയ്യാറാക്കിയ ഉൽപന്നങ്ങളുടെ പ്രദർശനവും വിപണനവും ഫെസ്റ്റിൽ ഉണ്ടാവും.

## ആൻഫീൽഡിൽ ടോട്ടനത്തെ തകർത്തു; ഇപിഎൽ കിരീടം നേടി ലിവർപൂൾ

ലിവർപൂൾ: 2024-25 സീസണിലെ ഇംഗ്ലീഷ് പ്രീമിയർ ലീഗ് ഫുട്ബോൾ കിരീടം നേടി ലിവർപൂൾ എഫ്സി. ലീഗിൽ ടീമിന് നാല് മത്സരങ്ങൾ ശേഷിക്കെയാണ് ലിവർപൂൾ കിരീടം സ്വന്തമാക്കിയത്.

ലീഗ് കിരീടം ഉറപ്പിക്കാൻ ഒരു പോയിൻറ് മാത്രം വേണ്ടിയിരുന്ന മത്സരത്തിൽ ടോട്ടനത്തിനെ ഒന്നിനെതിരെ അഞ്ച് ഗോളുകൾക്ക് തകർത്തു. ലൂയിസ് ഡയസ്, അലക്സില് മക് അലിസ്റ്റർ, കോഡി ഗാക്പോ, മുഹമ്മദ് സാല എന്നിവരാണ് ലിവർപൂളിനായി ഗോളുകൾ നേടിയത്. ടോട്ടനം താരം ഡെസ്റ്റിനി ഉഡോഗിയുടെ ഓൺ ഗോളും ലിവർപൂളിന്റെ ഗോൾ പട്ടികയിലുണ്ട്.

ഡൊമിനിക് സോളങ്കിയാണ് ടോട്ടനത്തിനായി ഗോൾ സ്കോർ ചെയ്തത്. 34 കളികളിൽ നിന്ന് 82 പോയിൻറാണ് ലിവർപൂളിന് ഉള്ളത്. രണ്ടാമതുള്ള ആഴ്സണലിന് 67 പോയിൻറാണുള്ളത്. അവർക്കും നാല് മത്സരങ്ങളാണ് ബാക്കിയുള്ളത്. നാലിലും വിജയിച്ചാലും 79 പോയിൻറ് മാത്രം നേടാൻ സാധിക്കുള്ളു. ഇതോടെയാണ് ലിവർപൂൾ കിരീടം ഉറപ്പിച്ചത്.

2019-20 സീസണിലാണ് ലിവർപൂൾ ഇതിന് മുമ്പ് ഇപിഎൽ കിരീടം നേടിയത്. ഇംഗ്ലീഷ് ടോപ് ഡിവിഷനിൽ ലിവർപൂളിന്റെ ഇരുപതാം കിരീടനേട്ടമാണിത്.

# വെഞ്ഞാറമൂട് കൂട്ടക്കൊലയ്ക്ക് പിന്നിൽ കടബാധ്യതതന്നെയെന്ന് പോലീസ്

വെഞ്ഞാറമൂട്: വെഞ്ഞാറമൂട് കൂട്ടക്കൊലയ്കക്കു കാരണം കടബാധ്യതയെന്ന് ഉറപ്പിച്ച് പോലീസ്. കേസിൽ പോലീസിന്റെ അന്വേഷണം പൂർത്തിയായി. കേസിലെ ഏകപ്രതിയായ അഫാന്റെ കുടുംബത്തിന് 48 ലക്ഷം രൂപയുടെ കടബാധ്യതയുണ്ടെന്നും പോലീസ് വ്യക്തമാക്കി. അന്വേഷണം പൂർത്തിയായതിനു പിന്നാലെ കുറ്റപത്രം തയാറാക്കൽ നടപടികളിലേക്ക് പോലീസ് കടന്നു. അടുത്ത മാസത്തോടെ കുറ്റപത്രം സമർപ്പിക്കും. കുതിച്ചുയർന്ന കടവും കടക്കാർ പണം തിരികെ ചോദിച്ചതിലെ ദേഷ്യവുമാണ് കൊലയുടെ കാരണമായി അന്വേഷണ സംഘം കണ്ടെത്തിയത്.

ബന്ധുക്കളിൽ നിന്നായി 16 ലക്ഷം രൂപയും 17 ലക്ഷം രൂപയുടെ ഹൗസിംഗ് ലോണും മൂന്നുലക്ഷം രൂപയുടെ പഴ് സണൽ ലോണും ഒന്നര ലക്ഷത്തിന്റെ ബൈക്ക് ലോണും 10 ലക്ഷത്തിന്റെ പണയവുമായിരുന്നു കടം. അമ്മയും വല്ല്യമ്മയും സഹോദരനും ബന്ധുക്കളും കാമുകിയുമടക്കം ആറു പേരെയാണ് അഫാൻ ചുറ്റികയ്ക്ക് അടിച്ചു വീഴ്ത്തിയത്. കടം വീട്ടാൻ സഹായിക്കാതിരുന്നതോടെയാണ് വല്ല്യമ്മ, പിതൃസഹോദരൻ, ഇദ്ദേഹത്തിന്റെ ഭാര്യ എന്നിവരെ കൊന്നതെന്നും പണയംവച്ച സ്വർണം തിരികെ ചോദിച്ചതിന്റെ വൈരാഗ്യത്തിലാണു കാമുകിയെ കൊന്നതെന്നും പോലീസ് പറയുന്നു.

പതിനഞ്ചുപേരിൽ നിന്നായാണ് കുടുംബം പണം കടം വാങ്ങിയിരുന്നത്. അഫാൻ ഏക പ്രതിയായ കേസിൽ അമ്മ ഷെമീനയെ മുഖ്യസാക്ഷിയാക്കും. കൊലയുടെ കാരണം കൂടാതെ സമയക്രമവും പോലീസ് ഉറപ്പിച്ചു. ഫെബ്രുവരി 24നു രാവിലെ 10. 30ന് അമ്മയെ ആക്രമിച്ചു, 11.30ന് വല്യമ്മയേയും ഒന്നരയ്ക്കും രണ്ടിനുമിടയിൽ പിതൃസഹോദരനേയും ഭാര്യയേയും കൊന്നു. പിന്നീട് ബാറിൽ പോയി മദ്യപിച്ച ശേഷം വൈകുന്നേരം 4.15 ഓടെ ഫർസാനയേയും നാലേ മുക്കാലോടെ അനിയനേയും ആക്രമിച്ചെന്നാണു കണ്ടെത്തൽ.

# ഷൈനും ശ്രീനാഥും ചോദ്യം ചെയ്യലിന് ഹാജരായി; ലഹരിവിമുക്ത ചികിത്സയിലെന്ന് ഷൈൻ

ആലപ്പുഴ: ഹൈബ്രിഡ് കഞ്ചാവ് കേസിൽ നടന്മാരായ ഷൈൻ ടോം ചാക്കോയും ശ്രീനാഥ് ഭാസിയും ചോദ്യം ചെയ്യലിന് ഹാജരായി. ആലപ്പുഴയിലെ എക്സൈസ് ഓഫീസിലാണ് ഇരുവരും ഹാജരായത്.രാവിലെ പത്തോടെ ഹാജരാകാനാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും ഇരുവരും നേരത്തേ എക്സൈസ് ഓഫീസിൽ എത്തുകയായിരുന്നു. ബംഗളൂരുവിൽ നിന്നാണ് വരുന്നതെന്നും ഇവിടെ ലഹരിവിമുക്ത ചികിത്സയിലാണെന്നും ഷൈൻ എക്സൈസ് സംഘത്തെ അറിയിച്ചു.

ഡി അഡിക്ഷൻ സെന്ററിൽ ചികിത്സയിലായതിനൽ ഒരു മണിക്കൂറിനുള്ളിൽ തിരിച്ചയയ്ക്കണമെന്നും ഷൈൻ അന്വേഷണ സംഘത്തിന് മുന്നിൽ നിബന്ധന വച്ചെന്നാണ് സൂചന.

കൊച്ചിയിലെ മോഡൽ ആയ സൗമ്യയെയും ഇന്നാണ് ചോദ്യം ചെയ്യുക. കണ്ടെത്തിയ തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രത്യേക ചോദ്യാവലി തയ്യാറാക്കിയാണ് ചോദ്യം ചെയ്യൽ.ഇതിനു ശേഷമാകും നടന്മാർ ഉൾപ്പെടെ ഉള്ളവരെ കേസിൽ പ്രതി ചേർക്കണോ എന്ന കാര്യത്തിൽ അന്വേഷണസംഘം തീരുമാനമെടുക്കുക. ശ്രീനാഥ് ഭാസി, ഷൈൻ ടോം ചാക്കോ എന്നിവർക്കൊപ്പം ലഹരി ഉപയോഗിച്ചിട്ടുണ്ട് എന്നാണ് അറസ്റ്റിലായ തസ്ലിമ എക്സൈസിന് നൽകിയ മൊഴി. തസ്ലിമയുടെ ഫോണിൽ നിന്നും ലഹരി ഇടപാടുമായി ബന്ധപ്പെട്ട ശ്രീനാഥ് ഭാസിയുടെ വാട്സാപ് ചാറ്റുകൾ അന്വേഷണസംഘം കണ്ടെത്തിയിരുന്നു. ഷൈൻ ടോം ചാക്കോയുമായുള്ള വാട്സ്ആപ്പ് കോളുകൾ ആണ് പ്രധാനമായും കണ്ടെത്തിയത്. വാട്സ്ആപ്പ് ചാറ്റുകളും കോളുകളും സംബന്ധിച്ച് വ്യക്തത വരുത്താനാണ് നടന്മാരെ ചോദ്യം ചെയ്യുന്നത്.

## ഹോട്ടലിൽ നിന്ന് തീപ്പൊരി വീണു; പടക്കക്കട കത്തിനശിച്ചു

പത്തനംതിട്ട: ഹോട്ടലിലെ ദോശക്കല്ല് ചൂടാക്കുന്നതിനിടെ തീപ്പൊരി പറന്നുവീണു പടക്കക്കട കത്തിനശിച്ചു. കോഴഞ്ചേരിയിലുണ്ടായ സംഭവത്തിൽ ഒരാൾക്ക് പൊള്ളലേറ്റു. പടക്കക്കടയ്ക്ക് അടുത്തുള്ള ഹോട്ടലിലെ ജീവനക്കാരനായ വിനോദിനാണ് പൊള്ളലേറ്റത്. തീയണയ്ക്കാൻ ശ്രമിക്കുന്നതിനിടയിലായിരുന്നു ജീവനക്കാരന് പൊള്ളലേറ്റത്.പൊള്ളലേറ്റ ഹോട്ടൽ ജീവനക്കാരൻ വിനോദിനെ കോട്ടയം മെഡിക്കൽ കോളജിലേക്ക് മാറ്റി. വിനോദിന്റെ പരിക്ക് ഗുരുതരമല്ലെന്ന് ആശുപത്രി അധികൃതർ പറഞ്ഞു.

## തീയതി നീട്ടി

കെ.ഡി.ആർ.ബി വിജ്ഞാപനം ചെയ്ത ഗുരുവായൂർ ദേവസ്വത്തിലെ 38 തസ്തികകളിലേക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി മേയ് 12 വരെ നീട്ടി. വിശദവിവരങ്ങൾ www.kdrb.kerala.gov.in ൽ ലഭിക്കും.

## സമയപരിധി അവസാനിച്ചു; 537 പാക് പൗരൻമാർ ഇന്ത്യവിട്ടു

ന്യൂഡൽഹി: പാകിസ്ഥാൻ പൗരത്വമുള്ളവർക്ക് ഇന്ത്യവിടാൻ കേന്ദ്രസർക്കാർ അനുവദിച്ച സമയപരിധി അവസാനിച്ചു.

ഇതിനകം 537 പാകിസ്ഥാനികൾ അട്ടാരി അതിർത്തി വഴി മടങ്ങിയെന്നാണ് കേന്ദ്രത്തിന്റെ ഔദ്യോഗിക കണക്കുകൾ പറയുന്നത്. ഞായറാഴ്ച രാത്രി 10 വരെയാണ് രാജ്യം വിടാൻ പാക് പൗരന്മാർക്ക് അവസരം നൽകിയിരുന്നത്.

പഹൽഗാം ഭീകരാക്രമണത്തിന് പിന്നാലെയാണ് പാക് പൗരന്മാർ രാജ്യം വിടണമെന്ന് കേന്ദ്രസർക്കാർ ഉത്തരവിട്ടത്. സാർക് വിസയുള്ളവർ ഏപ്രിൽ 26നകം രാജ്യം വിടണമെന്നായിരുന്നു നിർദേശം.

ബിസിനസുകാർ, ചലച്ചിത്ര പ്രവർത്തകർ, മാധ്യമപ്രവർത്തകർ, വിദ്യാർഥികൾ, വിനോദസഞ്ചാരികൾ, തീർഥാടകർ തുടങ്ങി ഹ്രസ്വകാല വിസയിലെത്തിയവർക്ക് 27വരെയാണ് സമയപരിധി നൽകിയത്.

മെഡിക്കൽ വിസയിൽ ഇന്ത്യയിലെത്തിയ പാകിസ്ഥാൻ പൗരന്മാർ 29നകം ഇന്ത്യ വിടണമെന്നും സർക്കാർ നിർദേശിച്ചിരുന്നു.

# ഭീകരരെ സുരക്ഷാസേന കണ്ടെത്തിയെന്ന് റിപ്പോർട്ട്

ന്യൂഡൽഹി: ജമ്മുകാഷ്മീരിലെ പഹൽഗാമിൽ ആക്രമണം നടത്തിയ ഭീകരരും സുരക്ഷാ ഏജൻസികളും തമ്മിൽ വെടിവെയ്പ്പുണ്ടായതായി റിപ്പോർട്ട്.

കുൽഗാം വനമേഖലയിൽ വച്ചാണ് വെടിവെപ്പുണ്ടായത്. ഇവിടെ നിന്ന് രക്ഷപ്പെടുന്നതിനിടെ സൈന്യത്തിന് നേരെ ഭീകരർ വെടിവച്ചു. തുടർന്ന് സൈന്യം തിരിച്ചടിച്ചു. കഴിഞ്ഞ അഞ്ച് ദിവസത്തിനിടെ നാലിടങ്ങളിൽ സൈന്യം ഭീകരർക്ക് സമീപത്തെത്തിയതായാണ് റിപ്പോർട്ടുകൾ.

ഭീകരർ നിലവിൽ ദക്ഷിണകാഷ്മീരിൽ തന്നെയുണ്ട് എന്നാണ് സുരക്ഷാ ഏജൻസികളുടെ അനുമാനം. നാല് ഭീകരർക്കുമായി വ്യാപകമായ തിരച്ചിലാണ് കാഷ്മീർ താഴ്‌വരയിൽ നടക്കുന്നത്. സൈന്യവും സിആർപിഎഫും ജമ്മുകാഷ്മീർ പോലീസും സംയുക്തമായാണ് തിരച്ചിൽ നടത്തുന്നത്. കഴിഞ്ഞ അഞ്ച് ദിവസങ്ങൾക്കിടെ നാല് വ്യത്യസ്ത സ്ഥലങ്ങളിൽ വച്ച് ഇവരെ കണ്ടെത്താൻ സുരക്ഷാ ഏജൻസികൾക്ക് സാധിച്ചിരുന്നു.

അനന്ത്നാഗിലെ ഹാപ്പെത് നഗർ ഗ്രാമത്തിൽ വച്ചാണ് ആദ്യം ഭീകരരെ കണ്ടത്. തദ്ദേശവാസികളിൽ നിന്നും വിവിധ സുരക്ഷാ ഏജൻസികളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് റെയ്ഡുകൾ നടക്കുന്നത്.

ഇതിനിടെയാണ് ഇവരെ ഹാപ്പെത് നഗറിൽ വച്ച് കണ്ടെത്തിയത്. പക്ഷെ ഇവർ സുരക്ഷാസേനയുടെ കണ്ണു വെട്ടിച്ച് കടന്നുകളഞ്ഞു. തുടർന്ന് കുൽഗാം വനമേഖലയിൽ ഇവരുടെ സാന്നിധ്യം തിരിച്ചറിഞ്ഞു.

പക്ഷെ പിടികൂടുന്നതിന് മുമ്പ് തന്നെ ഭീകരർ രക്ഷപ്പെട്ടു. സുരക്ഷാസേനയ്ക്ക് നേരെ വെടിയുതിർത്തതിന് ശേഷം ഭീകരർ വനമേഖലയിലേക്ക് കടക്കുകയാണുണ്ടായത്.

മൂന്നാമത് ത്രാൽ മലനിരകളിൽ വച്ചാണ് ഇവരെ സുരക്ഷാസേന കണ്ടതെന്നാണ് റിപ്പോർട്ടുകൾ. അവസാനം ഇവരെ കൊക്കെമാർഗ് മേഖലയിലാണ് കണ്ടെത്തിയതെന്നാണ് വിവരം. നിലവിൽ ഭീകരർ ഈ പ്രദേശത്ത് തന്നെയുണ്ടെന്നാണ് അനുമാനം.

ദക്ഷിണ കാഷ്മീരിൽ നിന്ന് ജമ്മു മേഖലയിലേക്ക് കടക്കാനുള്ള ശ്രമമാണ് ഭീകരരുടെ ഭാഗത്തുനിന്നുണ്ടാകുന്നതെന്നാണ് സുരക്ഷാ ഏജൻസികളുടെ വിലയിരുത്തൽ. ഇതിനിടെ ഭീകരർ കാഷ്മീരിലെ ഒരു വീട്ടിൽ അത്താഴത്തിന്റെ സമയത്ത് എത്തിയതായി രഹസ്യാന്വേഷണ ഏജൻസികൾക്ക് വിവരം ലഭിച്ചിരുന്നു.

പക്ഷെ വിവരം ലഭിച്ച് പോലീസും സൈന്യവുമൊക്കെ എത്തുന്നതിന് മുമ്പ് ഭീകരർ ഭക്ഷണവുമായി കടന്നുകളഞ്ഞതായാണ് വിവരം. പഹൽഗാമിൽ വിനോദസഞ്ചാരികളെ ആക്രമിച്ചതിന് ശേഷം അവിടെനിന്ന് രണ്ട് മൊബൈൽ ഫോണുകൾ ഭീകരർ കൊണ്ടുപോയിട്ടുണ്ട്.

# താരതമ്യം അരുത് !...

## ചമയങ്ങൾക്കപ്പുറം



സുനിതഒലീവിയ

പരീക്ഷാ ഫലങ്ങൾ പുറത്ത് വരുമ്പോൾ..

എസ് എസ് എൽ സി ഫലം പുറത്ത് വരികയാണ്.

തൊട്ടടുത്ത ദിവസങ്ങളിൽ പ്ലസ് ടു പരീക്ഷാ ഫലവും പ്രസിദ്ധീകരിക്കപ്പെടും...

പതിവ് പോലെ ഫുൾ അ+ ഉം മറ്റ് അ+ കളും ആഘോഷിക്കപ്പെടും.

അഭിനന്ദനങ്ങളും അവാർഡുകളും പ്രവഹിക്കും.

സോഷ്യൽ മീഡിയയിലും തെരുവുകളിലും വിജയികളുടെ പോസ്റ്ററുകളും ഫ്ലക്സുകളും പറന്നുനടക്കും.

അതിനിടയിൽ ഞെരിഞ്ഞു പോകുന്ന ചില മക്കളെ കുറിച്ച് ഓർമിപ്പിക്കുകയാണ്. പ്രതീക്ഷിച്ച വിജയം നേടാതെ പോകുന്നവരാണവർ. ആഘോഷിക്കപ്പെടാൻ മാത്രം അ+ കിട്ടാത്തവരാണവർ....

റിസൾട്ട് കാത്തിരിക്കുന്ന മക്കളുടെ രക്ഷിതാക്കളോടാണ് ആദ്യം പറയാനുള്ളത്. നിങ്ങൾ നിങ്ങളുടെ മക്കളെ അവരുടെ പരീക്ഷാ ഫലത്തിന്റെ പേരിൽ സമ്മർദ്ദത്തിൽ ആക്കിയവരാണോ എങ്കിൽ കരുതിയിരിക്കുക....!

നഷ്ടപ്പെടുന്ന അ+ കളെ കുറിച്ച് നിങ്ങൾ അവരെ ഭീഷണിപ്പെടുത്തിയിട്ടുണ്ടെങ്കിൽ...

അവനെപ്പോലെ / അവളെപ്പോലെ നീ ആയില്ലെങ്കിൽ എന്ന് താരതമ്യം ചെയ്തിട്ടുണ്ടെങ്കിൽ.... മക്കൾ നേടുന്ന അ+ കളുടെ എണ്ണമാണ് കുടുംബ ഗ്രൂപ്പുകളിലും വാട്സാപ്പ് സ്റ്റാറ്റസിലും നമ്മുടെ അഭിമാനം എന്ന് നാം തെറ്റിദ്ധരിച്ചിട്ടുണ്ടെങ്കിൽ... ഇത് നമുക്ക് തിരുത്താനുള്ള അവസാന മണിക്കൂറുകളാണ്. ഈ മാർക്കൊന്നുമല്ല ജീവിതമെന്ന് സ്വയം തിരിച്ചറിയാൻ, അത് നമ്മുടെ മക്കളെ ബോധ്യപ്പെടുത്താൻ ഈ അവസാന സമയത്തെങ്കിലും നാം തയ്യാറാവുക ഇല്ലെങ്കിൽ, തുറന്നു തന്നെ പറയട്ടെ, തൊട്ടടുത്ത ദിവസങ്ങളിലെ പത്രങ്ങളിൽ ആത്മഹത്യകളുടെ കൂട്ടത്തിൽ നമ്മുടെ മക്കളുടെ ഫോട്ടോയും ഉണ്ടാവും. അത്രയേറെ ദുർബലരാണ് നമ്മുടെ മക്കൾ.

പത്താം ക്ലാസ്സിലെയും പ്ലസ് ടുവിലെയും മാർക്കാണ് ജീവിതത്തിന്റെ ആത്യന്തികമായ ജീവിതവും പരാജയവും എന്ന് ആരൊക്കെയോ അവരെ പഠിപ്പിച്ചു വെച്ചിരിക്കുന്നു.

അതല്ലെന്ന്, അതിനപ്പുറവും ലോകവും ജീവിതവും ഉണ്ടെന്ന് ഇന്ന് രാത്രിയും നാളെ പകലുമായി നാം അവരെ ബോധ്യപ്പെടുത്തുക.

വിജയത്തിലും നേട്ടത്തിലും മാത്രമല്ല, പരാജയത്തിലും നഷ്ടത്തിലും അവരെ ചേർത്ത് പിടിക്കാൻ നാം ഉണ്ടാവും എന്ന് അവരെ ഓർമിപ്പിച്ചു കൊണ്ടേയിരിക്കുക. ഒരു ഫ്ളക്സിലും അവരുടെ ഫോട്ടോ വന്നില്ലെങ്കിലും നമ്മുടെ നെഞ്ചകത്ത് അവരെ കൊത്തിവെച്ചിട്ടുണ്ട് എന്ന് അവർക്ക് ഉറപ്പ് നൽകുക നാം തന്നെയാണ് അത് ചെയ്യേണ്ടത്. നാം മാത്രമാണ് അത് ചെയ്യേണ്ടത്. റിസൾട്ട് കാത്തിരിക്കുന്ന മക്കളോടാണ്

പ്രിയപ്പെട്ട മക്കളേ.. നിങ്ങളാണ് നിങ്ങളുടെ രക്ഷിതാക്കൾക്ക് വലുത്. അല്ലാതെ നിങ്ങൾ നേടുന്ന സർട്ടിഫിക്കറ്റുകൾ അല്ല. നിങ്ങളില്ലാത്ത വീട്ടിൽ എന്തിനാണ് നിങ്ങളുടെ കടലാസുകൾ നിങ്ങളുടെ കലമ്പലുകൾ ഇല്ലാതെ എന്തിനാണ് ഞങ്ങൾക്ക് നിങ്ങളുടെ അ+ കൾ

ഈ പരീക്ഷകളും ഫലങ്ങളും മാത്രമല്ല ജീവിതം. ഒരു പാട് വാതിലുകൾ നമുക്ക് മുന്നിലുണ്ട്. പ്ലസ് ടുവിന് എവിടെയും പ്രവേശനം ലഭിച്ചില്ലെങ്കിൽ പോലും നിങ്ങൾ പരാജയപ്പെടില്ല...

എന്തിന്

പ്ലസ് ടു വിന് പഠിച്ചില്ലെങ്കിൽ പോലും നിങ്ങളുടെ മുന്നിൽ ജീവിതമുണ്ട്. പിന്നെ നിങ്ങളെന്തിന് പേടിക്കണം ഒരു പരീക്ഷയിലും ജയിച്ചില്ലെങ്കിലും നിങ്ങളുടെ പുഞ്ചിരിയുണ്ടെങ്കിൽ ഏത് സമുദ്രമാണ് നീന്തിക്കടക്കാൻ പ്രയാസമുള്ളത്

വിജയത്തിൽ സന്തോഷിക്കുന്നത് പോലെ പരാജയത്തിൽ നമുക്ക് സമാധാനിക്കാൻ കഴിയണം. അത് വിജയത്തിലേക്കുള്ള വഴിയാക്കാൻ കഴിയണം. പോസിറ്റീവ് ആവുക...

ഒരു തെരഞ്ഞെടുപ്പിന്റെ ആരവം കഴിഞ്ഞ് ഫലം വരുമ്പോൾ നിങ്ങൾക്ക് വോട്ടില്ലെങ്കിലും ആ ആവേശത്തിൽ നിങ്ങളും ഉണ്ടായിരുന്നില്ലേ തങ്ങളുടെ വിജയത്തിന് വേണ്ടി ഓരോ സ്ഥാനാർത്ഥിയും നടത്തിയ അധ്വാനം, പാർട്ടികൾ ചെലവഴിച്ച ഊർജം, പണം... എത്രയാണെന്ന് ഓർത്ത് നോക്കൂ.

എന്നിട്ട് ഏതെങ്കിലും ഒരു സ്ഥാനാർത്ഥി പരാജയപ്പെട്ടതിനെ തുടർന്ന് ആത്മഹത്യ ചെയ്തിട്ടുണ്ടോ പൊതുജീവിതം അവസാനിപ്പിച്ചിട്ടുണ്ടോ

പിന്നെ നിങ്ങളെന്തിന് പിന്തിരിഞ്ഞു പോകണം പരാജയത്തെ വിജയകരമാക്കാൻ നാളെയുടെ വാഗ്ദാനമാകാൻ ഓരോ മക്കളും ശ്രമിക്കുക..... അതിനോടൊപ്പം എല്ലാ മാതാപിതാക്കളും മക്കൾക്ക് മാനസികമായ പിൻതുണ കൊടുത്ത് സംരക്ഷിക....

# ഇറാൻ സ്ഫോടനം: മരണം 40 ആയി

ടെഹ്റാൻ: ഇറാനിലെ ഷഹീദ് രജായി തുറമുഖത്തുണ്ടായ ഉസ്ഫോടനത്തിൽ മരിച്ചവരുടെ എണ്ണം 40 ആയി. 800 പേർക്ക് പരിക്കേറ്റിട്ടുണ്ട്. ഞായറാഴ്ച രാവിലെയോടെ എൺപതു ശതമാനം തീ അണയ്ക്കാൻ കഴിഞ്ഞതായി സ്ഥലം സന്ദർശിച്ച ആഭ്യന്തരമന്ത്രി ഇസ്കന്ദർ മൊമേനി അറിയിച്ചു.

പേർഷ്യൻ ഗൾഫ് തീരത്തെ ബന്ദർ അബ്ബാസ് നഗരത്തിൽ സ്ഥിതി ചെയ്യുന്ന ഇറാന്റെ ഏറ്റവും വലിയ തുറമുഖത്ത് ശനിയാഴ്ച രാവിലെയുണ്ടായ സ്ഫോടനത്തിനു വ്യക്തമായ വിശദീകരണം ലഭിച്ചിട്ടില്ല. രാസവസ്തുക്കൾ സൂക്ഷിച്ചിരുന്ന ഡിപ്പോയ്ക്കു തീപിടിച്ചതാകാം കാരണമെന്ന് ചില ഇറേനിയൻ വൃത്തങ്ങൾ അഭിപ്രായപ്പെട്ടു.

എന്നാൽ, ഇറാന്റെ ബാലിസ്റ്റിക് മിസൈലുകൾക്കായി എത്തിച്ച ഇന്ധനം നിറച്ച കണ്ടെയ്നറുകൾക്കു തീപിടിച്ചതാകാം കാരണമെന്ന് സമുദ്രസുരക്ഷാ കൺസൾട്ടൻസി സ്ഥാപനമായ ആംബ്രേ ഇൻറലിജൻസ് അഭിപ്രായപ്പെട്ടു.

റോക്കറ്റ് ഇന്ധനമായി ഉപയോഗിക്കുന്ന സോഡിയം പെർക്ലോറേറ്റ് എന്ന രാസവസ്തു അടുത്തിടെ തുറമുഖത്ത് ഇറക്കിയിരുന്നതായി ഇവർ ചൂണ്ടിക്കാട്ടി. ചൈനയിൽനിന്ന് രണ്ടു കപ്പലുകളിൽ മിസൈൽ ഇന്ധനം ഇവിടെ എത്തിച്ചിരുന്നതായും ചില റിപ്പോർട്ടുകളിൽ പറയുന്നു.

അത്യുഗ്ര സ്ഫോടനത്തിന്റെ ശബ്ദം 50 കിലോമീറ്റർ അകലെ കേട്ടു. തുറമുഖത്തിനു കിലോമീറ്ററുകൾ അകലെയുള്ള കെട്ടിടങ്ങളിലെ ചില്ലുജനാലകൾ തകർന്നു.

ബന്ദർ അബ്ബാസ് നഗരത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്നലെ അവധി നല്കി. ഇറേനിയൻ പ്രസിഡൻറ് മസൂദ് പസെഷ്കിയാൻ സംഭവത്തിൽ അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്.

## ഹൈബ്രിഡ് കഞ്ചാവ് കേസ്; മോഡൽ സൗമ്യയും ചോദ്യം ചെയ്യലിന് ഹാജരായി

ആലപ്പുഴ: ഹൈബ്രിഡ് കഞ്ചാവ് കേസിൽ കൊച്ചിയിലെ മോഡൽ ആയ സൗമ്യയും ചോദ്യം ചെയ്യലിന് ഹാജരായി. കേസിൽ നടന്മാരായ ഷൈൻ ടോം ചാക്കോയും ശ്രീനാഥ് ഭാസിയും നേരത്തേ ചോദ്യം ചെയ്യലിന് എത്തിയിരുന്നു. ആലപ്പുഴയിലെ എക്സൈസ് ഓഫീസിലാണ് മൂവരും ഹാജരായത്. ബംഗളൂരുവിൽ നിന്നാണ് വരുന്നതെന്നും ഇവിടെ ലഹരിവിമുക്ത ചികിത്സയിലാണെന്നും ഷൈൻ എക്സൈസ് സംഘത്തെ അറിയിച്ചു. ഡി അഡിക്ഷൻ സെൻററിൽ ചികിത്സയിലായതിനാൽ ഒരു മണിക്കൂറിനുള്ളിൽ തിരിച്ചയയ്ക്കണമെന്നും ഷൈൻ അന്വേഷണ സംഘത്തിന് മുന്നിൽ നിബന്ധന വച്ചെന്നാണ് സൂചന. കണ്ടെത്തിയ തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രത്യേക ചോദ്യാവലി തയാറാക്കിയാണ് ചോദ്യം ചെയ്യൽ.

ഇതിനു ശേഷമാകും നടൻമാർ ഉൾപ്പെടെ ഉള്ളവരെ കേസിൽ പ്രതി ചേർക്കണോ എന്ന കാര്യത്തിൽ അന്വേഷണസംഘം തീരുമാനമെടുക്കുക. ശ്രീനാഥ് ഭാസി, ഷൈൻ ടോം ചാക്കോ എന്നിവർക്കൊപ്പം ലഹരി ഉപയോഗിച്ചിട്ടുണ്ട് എന്നാണ് അറസ്റ്റിലായ തസ്ലിമ എക്സൈസിന് നൽകിയ മൊഴി. തസ്ലിമയുടെ ഫോണിൽ നിന്നും ലഹരി ഇടപാടുമായി ബന്ധപ്പെട്ട ശ്രീനാഥ് ഭാസിയുടെ വാട്സാപ് ചാറ്റുകൾ അന്വേഷണസംഘം കണ്ടെത്തിയിരുന്നു. ഷൈൻ ടോം ചാക്കോയുമായുള്ള വാട്സ്ആപ്പ് കോളുകൾ ആണ് പ്രധാനമായും കണ്ടെത്തിയത്.

## പഹൽഗാം ഭീകരാക്രമണം; ഇന്ത്യയ്ക്കൊപ്പമെന്ന് യുഎസ്

വാഷിംഗ്ടൺ ഡിസി: പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ച് യുഎസ് വിദേശകാര്യ വകുപ്പ്. വിഷയത്തിൽ ഇന്ത്യയ്ക്കൊപ്പമെന്ന് യുഎസ് വ്യക്തമാക്കി.

വാർത്താ ഏജൻസിയായ റോയിട്ടേഴ്സിന് നൽകിയ പ്രസ്താവനയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. വിഷയത്തിൽ ഉത്തരവാദിത്വബോധത്തോടെയുള്ള പരിഹാരം വേണം. ഇരുരാജ്യങ്ങളുമായും സമ്പർക്കത്തിലാണെന്നും സ്ഥിതി നിരീക്ഷിച്ചുവരികയാണെന്നും യുഎസ് അറിയിച്ചു. അതേസമയം ഭീകരാക്രമണത്തിനു പിന്നാലെ പാക്കിസ്ഥാനെ പിന്തുണച്ച് ചൈന രംഗത്തെത്തിയിരുന്നു. പാക്കിസ്ഥാൻ വിദേശകാര്യമന്ത്രി മുഹമ്മദ് ഇഷാഖ് ദാറും ചൈനീസ് വിദേശകാര്യ മന്ത്രി വാംഗ് യിയും ഫോണിൽ ചർച്ച നടത്തിയതിനു പിന്നാലെയാണ് ചൈന നിലപാട് വ്യക്തമാക്കിയത്. പാക്കിസ്ഥാന്റെ പരമാധികാരവും സുരക്ഷയും സംരക്ഷിക്കാൻ സഹായിക്കുമെന്നും പഹൽഗാം ആക്രമണത്തിൽ നിഷ്പക്ഷ അന്വേഷണത്തെ പിന്തുണയ്ക്കുന്നതായും ചൈന അറിയിച്ചു. ചൈനയോ റഷ്യയോ ഉൾപ്പെട്ട അന്വേഷണം ആണെങ്കിൽ അംഗീകരിക്കുമെന്ന് പാക്കിസ്ഥാൻ വിദേശകാര്യ മന്ത്രി പറഞ്ഞു.

## നിയന്ത്രണരേഖയിൽ വീണ്ടും പാക് പ്രകോപനം

ശ്രീനഗർ: ജമ്മുകാഷ്മീരിലെ നിയന്ത്രണ രേഖയിൽ (എൽഒസി) തുടർച്ചയായ നാലാം രാത്രിയും പാക്കിസ്ഥാൻ സൈന്യം വെടി നിർത്തൽ കരാർ ലംഘിച്ചു. കുപ്‌വാര, പൂഞ്ച് ജില്ലകളിലെ നിയന്ത്രണ രേഖയ്ക്ക് കുറുകെയാണ് വെടിവയ്പ്പുണ്ടായതെന്ന് ഇന്ത്യൻ ആർമി വക്താവ് അറിയിച്ചു. പൂഞ്ച് സെക്ടറിൽ പാക്കിസ്ഥാൻ സൈന്യം വെടിനിർത്തൽ കരാർ ലംഘിക്കുന്നത് ഇതാദ്യമാണ്. കഴിഞ്ഞ ചൊവ്വാഴ്ച ജമ്മുകാഷ്മീരിലെ പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തിൽ 26 പേർ കൊല്ലപ്പെട്ടതിനെ തുടർന്നാണ് ഇന്ത്യ-പാക് സൈനികർ തമ്മിൽ വെടിവയ്പ്പ് ആരംഭിച്ചത്.

## പാക്കിസ്ഥാനിലെ 16 യൂട്യൂബ് ചാനലുകൾ നിരോധിച്ച് ഇന്ത്യ

ന്യൂഡൽഹി: പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പാക്കിസ്ഥാനിലെ 16 യൂട്യൂബ് ചാനലുകൾക്ക് നിരോധനം ഏർപ്പെടുത്തി ഇന്ത്യ. കടുത്ത ഇന്ത്യാ വിരുദ്ധ പ്രചാരണം നടത്തുന്ന ചാനലുകളാണ് നിരോധിച്ചത്. മുൻ പാക് ക്രിക്കറ്റ് താരം ഷോയിബ് അക്തറിന്റെ ചാനൽ, ഡോൺ ന്യൂസ്, സമ ടിവി, ജിയോ ന്യൂസ് തുടങ്ങിയ ചാനലുകൾക്കാണ് നിരോധനം ഏർപ്പെടുത്തിയത്. ഈ ചാനലുകൾക്കെതിരേ വിവിധ കോണുകളിൽനിന്ന് പരാതി ഉയർന്നിരുന്നു. ഇവർ രാജ്യത്തിനും സൈന്യത്തിനും സുരക്ഷാ ഏജൻസികൾക്കുമെതിരേ പ്രകോപനപരമായ ഉള്ളടക്കങ്ങൾ പ്രചരിപ്പിച്ചെന്നും തെറ്റായ വിവരങ്ങൾ നൽകിയെന്നുമാണ് കണ്ടെത്തൽ. അതേസമയം തെറ്റായ റിപ്പോർട്ടുകൾ നൽകിയതിനെതിരെ ബിബിസിക്കും കേന്ദ്രം കത്തയച്ചിട്ടുണ്ട്.

## മധ്യപ്രദേശിലെ വാഹനാപകടം; മരണം 12 ആയി

ഭോപ്പാൽ: മധ്യപ്രദേശിലെ മന്ദ്സൗർ ജില്ലയിൽ ബൈക്കിൽ ഇടിച്ച വാൻ കിണറ്റിലേക്ക് വീണ് മരിച്ചവരുടെ എണ്ണം 12 ആയി. പരിക്കേറ്റ ഒരാൾ കൂടി മരിച്ചതോടെയാണ് മരണസംഖ്യ 12 ആയത്. വാനിലെ യാത്രികരും ബൈക്ക് യാത്രികനും രക്ഷാപ്രവർത്തകനും ഉൾപ്പെടെയാണ് മരിച്ചത്. നാരായൺഗഡ് പോലീസ് സ്റ്റേഷൻ പരിധിയിലാണ് സംഭവം.

13 പേർ വാനിൽ യാത്ര ചെയ്തിരുന്നതായി രത്‌ലം റേഞ്ച് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ഡിഐജി) മനോജ് സിംഗ് പറഞ്ഞു. ദേശീയ ദുരന്ത നിവാരണ സേനയും രക്ഷാപ്രവർത്തനത്തിൽ പങ്കാളിയായിരുന്നു. ഉപമുഖ്യമന്ത്രി ജഗദീഷ് ദേവ്ദ അപകടസ്ഥലം സന്ദർശിച്ചു.

# പൊള്ളലേറ്റ നിലയിൽ കണ്ടെത്തിയ യുവ ഡോക്ടർ ചികിത്സയിലിരിക്കെ മരിച്ചു

ന്യൂഡൽഹി: ഹരിയാനയിൽ പൊള്ളലേറ്റ നിലയിൽ കണ്ടെത്തിയ രാജസ്ഥാനിൽ നിന്നുള്ള യുവ ഡോക്ടർ ചികിത്സയിലിരിക്കെ മരിച്ചു. ഡൽഹിയിൽ ബിരുദാനന്തര ബിരുദ പഠനത്തിന് തയാറെടുക്കുന്ന 25കാരിയായ ഭാവന യാദവാണ് മരിച്ചത്. ഹിസാറിൽ വെച്ച് ഭാവനയ്ക്ക് ഗുരുതരമായി പൊള്ളലേറ്റിരുന്നു.

വിവരം ലഭിച്ചതിനെ തുടർന്ന് ഹിസാറിലെത്തിയ ഭാവനയുടെ അമ്മ മകളെ ജയ്പൂരിലേക്ക് കൊണ്ടുപോവുകയായിരുന്നു. ഓൺലൈൻ ക്ലാസുകൾ പങ്കെടുത്ത് ആഴ്ചതോറും ഡൽഹിയിൽ പരീക്ഷയ്ക്ക് പോവുമായിരുന്നു ഭാവന.എന്നാൽ ഇവർ എങ്ങനെ ഹിസാറിൽ എത്തിയതെന്ന് വ്യക്തമല്ല. മരണത്തിൽ ദുരൂഹതകൾ ചൂണ്ടിക്കാട്ടി അമ്മ ഗായത്രി യാദവ് ജയ്പൂരിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

2023-ൽ ഫിലിപ്പീൻസിൽ നിന്നും മെഡിക്കൽ പഠനം പൂർത്തിയാക്കിയതാണ് ഭാവന യാദവ്. വിദേശത്ത് എംബിബിഎസ് ബിരുദം നേടിയ വിദ്യാർഥികൾക്കായുള്ള നിർബന്ധിതമായ മെഡിക്കൽ ലൈസൻസിംഗ് പരീക്ഷയായ ഫോറിൻ മെഡിക്കൽ ഗ്രാജുവേറ്റ് പരീക്ഷയ്ക്ക് തയാറെടുക്കുകയായിരുന്നു ഭാവന യാദവ്. പരീക്ഷയിൽ പങ്കെടുക്കുന്നതിനായി ഏപ്രിൽ 21ന് ഭാവന ഡൽഹിയിലെത്തിയിരുന്നു. ഡൽഹിയിൽ സിവിൽ സർവീസ് പരീക്ഷയ്ക്ക് തയാറെടുക്കുന്ന സഹോദരിയോടൊപ്പമായിരുന്നു ഭാവന താമസിച്ചിരുന്നത്. ഏപ്രിൽ 21,22 തീയതികളിൽ ഭാവന സഹോദരിക്കൊപ്പമുണ്ടായിരുന്നു.

23ന് ഭാവന അമ്മയെ വിളിച്ച് 24ന് രാവിലെ തിരിച്ചെത്തുമെന്ന് പറഞ്ഞിരുന്നു. എന്നാൽ എത്തിയില്ല. അന്വേഷണത്തിനിടെ ഏപ്രിൽ 24ന്, ഉമേഷ് യാദവ് എന്നയാൾ അമ്മയെ വിളിച്ച് ഭാവനയ്ക്ക് പൊള്ളലേറ്റതായും ഹരിയാനയിലെ ഹിസാറിലെ സോണി ആശുപത്രിയിൽ പ്രവേശിപ്പിച്ചതായും അറിയിച്ചു. താമസിയാതെ, അമ്മ ഹിസാറിലെത്തി. എന്നാൽ ഭാവനയെ എവിടെ നിന്നാണ് കണ്ടെത്തിയതെന്നോ എങ്ങനെ അവിടെ എത്തിയെന്നോ ആശുപത്രി അധികൃതർക്ക് വ്യക്തതയുണ്ടായിരുന്നില്ല. തുടർന്ന് ഗുരുതരാവസ്ഥ മനസിലാക്കിയ അമ്മ, ഭാവനയെ ജയ്പൂരിലെ എസ്എംഎസ് ആശുപത്രിയിലേക്ക് മാറ്റി. ഏപ്രിൽ 24ന് രാത്രി ചികിത്സയ്ക്കിടെ അവർ മരിക്കുകയായിരുന്നു. മകളുടെ വയറ്റിൽ മൂർച്ചയേറിയ ആയുധം കൊണ്ടതിന്റെ പാടുകൾ ഉണ്ടായിരുന്നതായി അമ്മ പറയുന്നു. മകളെ കുത്തിക്കൊന്ന് തീ കൊളുത്തിയതാണെന്നും ഇത് കൊലപാതകമാണെന്നും അമ്മ പരാതിയിൽ പറയുന്നു. ഭാവനയുടെ ലാപ്ടോപ്പ്, മൊബൈൽ ഫോൺ, മറ്റ് വിലപിടിപ്പുള്ള വസ്തുക്കൾ എന്നിവ നഷ്ടപ്പെട്ടതായും അമ്മ പോലീസിനെ അറിയിച്ചു.

## മധ്യപ്രദേശിൽ വാഹനാപകടം; 11പേർ മരിച്ചു

ഭോപ്പാൽ: മധ്യപ്രദേശിലെ മന്ദ്സൗർ ജില്ലയിൽ ബൈക്കിൽ ഇടിച്ച വാൻ കിണറ്റിലേക്ക് വീണ് 11പേർ മരിച്ചു. വാനിലെ യാത്രികരും ബൈക്ക് യാത്രികനും രക്ഷാപ്രവർത്തകനും ഉൾപ്പെടെയാണ് മരിച്ചത്.

നാരായൺഗഡ് പോലീസ് സ്റ്റേഷൻ പരിധിയിലാണ് സംഭവം. 13 പേർ വാനിൽ യാത്ര ചെയ്തിരുന്നതായി രത്‌ലം റേഞ്ച് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ഡിഐജി) മനോജ് സിംഗ് പറഞ്ഞു. പരിക്കേറ്റവരെ പോലീസ് ആശുപത്രിയിലെത്തിച്ചു. ദേശീയ ദുരന്ത നിവാരണ സേനയും രക്ഷാപ്രവർത്തനത്തിൽ പങ്കാളിയായിരുന്നു. ഉപമുഖ്യമന്ത്രി ജഗദീഷ് ദേവ്ദ അപകടസ്ഥലം സന്ദർശിച്ചു.

## മുഖ്യമന്ത്രിയുടെ ഓഫീസിലും ക്ലിഫ് ഹൗസിലും ബോംബ് ഭീഷണി

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ ഓഫീസിലും ക്ലിഫ് ഹൗസിലും രാജ്ഭവനിലും ബോംബ് ഭീഷണി. ഇ-മെയിൽ വഴിയാണ് സനാദേശം ലഭിച്ചത്. ധനകാര്യസെക്രട്ടറിയുടെ ഇ-മെയിലിലേക്കാണ് സന്ദേശമെത്തിയത്.

ഗതാഗത കമ്മീഷണറുടെ ഓഫീസിലും ഭീഷണി സന്ദേശമെത്തി. നെടുന്പാശേരി വിമാനത്താവളത്തിലും ബോംബ് ഭീഷണിയുണ്ട്. ഭീഷണിയെ തുടർന്നു ബോംബ് സ്ക്വാഡും ഡോഗ് സ്ക്വാഡും പോലീസും പരിശോധന നടത്തുകയാണ്.

തലസ്ഥാനത്ത് പലയിടങ്ങളിലായി കഴിഞ്ഞ ദിവസങ്ങളിൽ വ്യാജ ഭീഷണി സന്ദേശങ്ങൾ ലഭിച്ചിരുന്നു. ഇതിന് പിന്നാലെയാണ് മുഖ്യമന്ത്രിയുടെ ഓഫീസിൽ ഭീഷണി സന്ദേശം ലഭിച്ചിരിക്കുന്നത്. തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ ഞായറാഴ്ച ഭീഷണി സന്ദേശം ലഭിച്ചിരുന്നു.

തിരുവനന്തപുരം വിമാനത്താവളത്തിലും സമാനമായ ബോംബ് ഭീഷണി സന്ദേശം ലഭിച്ചിരുന്നു. മാനേജറുടെ ഇ-മെയിലിലേക്കാണ് ഭീഷണി സന്ദേശമെത്തിയത്.

കഴിഞ്ഞ രണ്ട് മാസത്തിനിടെ വിവിധ സർക്കാർ ഓഫീസുകളിൽ വ്യാജ ബോംബ് ഭീഷണികളുമായി ബന്ധപ്പെട്ട് അഞ്ച് കേസുകളാണ് സൈബർ ക്രൈം പോലീസ് രജിസ്റ്റർ ചെയ്തത്.

# പാക്കിസ്ഥാന്റെ പരമാധികാരവും സുരക്ഷയും സംരക്ഷിക്കാൻ സഹായിക്കുമെന്ന് ചൈന

ന്യൂഡൽഹി: പഹൽഗാം ഭീകരാക്രമണത്തിനു പിന്നാലെ പാക്കിസ്ഥാനെ പിന്തുണച്ച് ചൈന. പാക്കിസ്ഥാൻ വിദേശകാര്യമന്ത്രി മുഹമ്മദ് ഇഷാഖ് ദാറും ചൈനീസ് വിദേശകാര്യ മന്ത്രി വാംഗ് യിയും ഫോണിൽ ചർച്ച നടത്തിയതിനു പിന്നാലെയാണ് ചൈന നിലപാട് വ്യക്തമാക്കിയത്.

പാക്കിസ്ഥാന്റെ പരമാധികാരവും സുരക്ഷയും സംരക്ഷിക്കാൻ സഹായിക്കുമെന്നും പഹൽഗാം ആക്രമണത്തിൽ നിഷ്പക്ഷ അന്വേഷണത്തെ പിന്തുണയ്ക്കുന്നതായും ചൈന അറിയിച്ചു. ചൈനയോ റഷ്യയോ ഉൾപ്പെട്ട അന്വേഷണം ആണെങ്കിൽ അംഗീകരിക്കുമെന്ന് പാക്കിസ്ഥാൻ വിദേശകാര്യ മന്ത്രി പറഞ്ഞു.

സ്ഥിതിഗതികൾ നിരീക്ഷിച്ചുവരുകയാണെന്ന് ചൈനീസ് വിദേശകാര്യ മന്ത്രി പറഞ്ഞു. ഇരുപക്ഷവും സംയമനം പാലിക്കണമെന്നും ചൈന ആവശ്യപ്പെട്ടു. അതേസമയം പാക്കിസ്ഥാൻ സമാധാനം ആഗ്രഹിക്കുന്ന രാജ്യമാണെന്നും തീവ്രവാദം പ്രോത്സാഹിപ്പിക്കുന്നില്ലെന്നും പാക് പ്രതിരോധ മന്ത്രി ഖവാജ ആസിഫ് പറഞ്ഞു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ കായിക വിദ്യാഭ്യാസ പുസ്തകങ്ങളുടെ ഡിജിറ്റൽ ഉള്ളടക്കം മന്ത്രി വി ശിവൻകുട്ടി പ്രകാശനം ചെയ്യുന്നു

# ഷീല സണ്ണിക്കെതിരായ വ്യാജ ലഹരിക്കേസ്: പ്രതി നാരായണദാസ് പിടിയിൽ

തൃശൂർ: ചാലക്കുടിയിലെ ബ്യൂട്ടിപാർലർ ഉടമ ഷീല സണ്ണിയെ വ്യാജ ലഹരി കേസിൽ കുടുക്കിയ സംഭവത്തിൽ ഒന്നാം പ്രതി നാരായണദാസ് പിടിയിൽ. ബംഗളൂരുവിൽ നിന്നാണ് പ്രതിയെ പ്രത്യേക പോലീസ് സംഘം കസ്റ്റഡിയിലെടുത്തത്. പ്രതിയെ ചൊവ്വാഴ്ച നാട്ടിലെത്തിക്കുമെന്ന് പോലീസ് അറിയിച്ചു.

ഷീലയുടെ ബന്ധുവായ യുവതിക്ക് വ്യാജ സ്റ്റാമ്പ് നൽകിയത് നാരായണ ദാസ് ആയിരുന്നു. കേസിൽ ചോദ്യം ചെയ്യാൻ നോട്ടീസ് നൽകിയപ്പോൾ ഇയാൾ ഒളിവിൽ പോവുകയായിരുന്നു. ഹൈക്കോടതി നിർദേശത്തെ തുടർന്ന് ഡിവൈഎസ്പി വി. കെ. രാജുവിന്റെ നേതൃത്വത്തിൽ കേസ് അന്വേഷിക്കുന്നതിനായി പ്രത്യേക അന്വേഷണസംഘത്തെ നിയോഗിച്ചിരുന്നു.

നേരത്തെ നാരായണദാസിന്റെ ജാമ്യാപേക്ഷ സുപ്രീംകോടതി തള്ളിയിരുന്നു. കോടതിയിൽ നിന്ന് ഒരു സഹതാപവും നാരായണദാസ് പ്രതീക്ഷിക്കേണ്ടെന്നും കോടതി വാക്കാൽ പറയുകയും ഉണ്ടായി.

2023 മാർച്ച് 27-നാണ് ഷീലാ സണ്ണിയുടെ സ്കൂട്ടറിൽ നിന്നും ബാഗിൽ നിന്നും എൽഎസ്ഡി സ്റ്റാമ്പുകളെന്ന് പറയുന്ന വസ്തുക്കൾ പിടികൂടിയത്. 72 ദിവസം ഷീലാ സണ്ണി ജയിലാവുകയും ചെയ്തു. പിന്നീട് നടത്തിയ രാസ പരിശോധനയിൽ വ്യാജ ലഹരിയാണെന്ന് വ്യക്തമായതോടെ ഷീലയെ പ്രതിസ്ഥാനത്തുനിന്ന് ഒഴിവാക്കുകയായിരുന്നു.

സംഭവത്തിലെ ഗൂഢാലോചന അന്വേഷിക്കണമെന്നാവശ്യപ്പെട്ടു ഷീല കോടതിയെ സമീപിച്ചിരുന്നു. തുടർന്നാണ് കേസ് അന്വേഷണം എക്സൈസിൽ നിന്നു പോലീസിനു കൈമാറിയത്.

# സ്വർണം 72,000 രൂപയിൽ താഴെ

കൊച്ചി: സംസ്ഥാനത്ത് മൂന്നുദിവസം മാറ്റമില്ലാതെ തുടർന്ന സ്വർണവില വീണ്ടും താഴേക്ക്. പവന് 520 രൂപയും ഗ്രാമിന് 65 രൂപയുമാണ് കുറഞ്ഞത്. ഇതോടെ, ഒരു പവൻ സ്വർണത്തിന് 71,520 രൂപയിലും ഗ്രാമിന് 8,940 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണം ഗ്രാമിന് 50 രൂപ കുറഞ്ഞ് 7,360 രൂപയിലെത്തി.

അക്ഷയതൃതീയയ്ക്ക് ഇനി രണ്ടു ദിനം മാത്രം ശേഷിക്കേയാണ് സ്വർണവില താഴേക്കു പോകുന്നത്. ഏപ്രിൽ 22ന് രേഖപ്പെടുത്തിയ ഗ്രാമിന് 9,290 രൂപയും പവന് 74,320 രൂപയുമാണ് കേരളത്തിലെ സർവകാല റിക്കാർഡ്. അതിനുശേഷം ഇതുവരെ ഗ്രാമിന് 350 രൂപയും പവന് 2,800 രൂപയുമാണ് ഇടിഞ്ഞത്. പത്തുദിവസത്തിനിടെ 4000 രൂപയിലധികം വർധിച്ച ശേഷമാണ് കഴിഞ്ഞ ദിവസം മുതൽ വില കുറഞ്ഞത്.

ജനുവരി 22-നാണ് പവൻ വില ആദ്യമായി 60, 000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി.

ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

മാർച്ച് ഒന്നിന് പവന് 63,440 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. പിന്നീട് കയറ്റിറക്കങ്ങൾക്കൊടുവിൽ 14ന് 65,000 രൂപയും 18ന് 66,000 രൂപയും 31ന് 67,000 രൂപയും ഏപ്രിൽ ഒന്നിന് 68,000 പിന്നിടുകയായിരുന്നു. പത്തു ദിവസങ്ങൾക്കു ശേഷം ഏപ്രിൽ 11ന് 69,000 രൂപയും പിന്നാലെ 12ന് 70, 000 രൂപയും പിന്നിട്ടു.

ഏപ്രിൽ 17ന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന സ്വർണവില 71,000 രൂപ പിന്നിട്ടു. 21ന് 72,000 രൂപ പിന്നിട്ട സ്വർണവില 22ന് ഒറ്റയടിക്ക് 2,200 രൂപ ഇടിഞ്ഞ് 74,000 എന്ന നാഴികക്കല്ലിലെത്തി. ഓഹരി വിപണിയിലെ ചലനങ്ങളും രാജ്യാന്തര വിപണിയിലെ മാറ്റങ്ങളുമാണ് വിപണിയിൽ പ്രതിഫലിക്കുന്നത്. അന്താരാഷ്ട്ര സ്വർണവില ഔൺസിന് 50 ഡോളറോളം ഇടിഞ്ഞ് 3,282 ഡോളറിലാണ് വ്യാപാരം നടക്കുന്നത്.

# ആരോഗ്യമുള്ള യുവസമൂഹത്തെ വാർത്തെടുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധം : മന്ത്രി വി ശിവൻകുട്ടി

ആരോഗ്യമുള്ള യുവസമൂഹത്തെ വാർത്തെടുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അതിനായി വിദ്യാർത്ഥികളുടെ കായികക്ഷമത ലക്ഷ്യമിട്ട് ദീർഘവീക്ഷണത്തോടെയുള്ള നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നുണ്ടെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു.

സാങ്കേതിക വിദ്യയുടെ ദുരുപയോഗവും പുതിയ ജീവിതശൈലികളും വലിയ വെല്ലുവിളികൾ ഉയർത്തുന്ന ഇന്നത്തെ സാഹചര്യത്തിൽ വിദ്യാർത്ഥികളിൽ കായിക സംസ്ക്കാരം വളർത്തുന്നതിന് പ്രധാന പരിഗണന നൽകും. എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ ആരോഗ്യ കായിക വിദ്യാഭ്യാസ പുസ്തകങ്ങൾ എസ്.ഐ.ഇ.ടി. ഡിജിറ്റൽ രൂപത്തിലാക്കിയതിന്റെ പ്രകാശനം എസ്.സി.ഇ.ആർ.ടി. ആസ്ഥാനത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.

കായിക ആരോഗ്യ വിദ്യാഭ്യാസം കൂടുതൽ മെച്ചപ്പെടുത്തണമെന്ന ലക്ഷ്യത്തോടെയാണ് കഴിഞ്ഞവർഷം മുതൽ ഹെൽത്തി കിഡ്സ് പദ്ധതി നടപ്പാക്കിയത്. ഹെൽത്തി കിഡ്സ് പദ്ധതിയ്ക്കായി എസ് സി ഇ ആർ ടി തയ്യാറാക്കിയ കൈപ്പുസ്തകത്തിലെ ഉള്ളടക്കങ്ങളാണ് ഇപ്പോൾ ഡിജിറ്റലാക്കി മാറ്റിയത്. എസ് സി ഇ ആർ ടി യുടെ കായിക വിഭാഗത്തിന്റെ സഹായത്തോടെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയാണ് ഡിജിറ്റൽ ഉള്ളടക്കങ്ങൾ തയ്യാറാക്കിയത്. വിദ്യാർത്ഥികൾക്ക് സ്വന്തമായി കണ്ട് പരിശീലിക്കാൻ സാധിക്കുന്ന രീതിയിലാണ് ഡിജിറ്റൽ ഉള്ളടക്കങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. പൊതുവിദ്യാഭ്യാസ മേഖലയിലെ എല്ലാ സ്ഥാപനങ്ങളുടെയും സമൂഹമാധ്യമ അക്കൗണ്ടുകളിലൂടെ ഡിജിറ്റൽ ഉള്ളടക്കങ്ങൾ പ്രചരിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

കായിക പ്രവർത്തനങ്ങളോടൊപ്പം തന്നെ മെച്ചപ്പെട്ട ആരോഗ്യ ശീലങ്ങളും പാലിക്കേണ്ടത് ആവശ്യമാണ്. നമ്മുടെ കുട്ടികൾക്ക് എന്തൊക്കെ കഴിക്കണം എന്തു കഴിക്കരുത് എന്നുപോലും വ്യക്തമായ ധാരണയില്ല. ഭക്ഷണം പോലും വിഷമയമാകുന്ന കാലത്ത് ഭക്ഷ്യസുരക്ഷയും സുരക്ഷിത ഭക്ഷണവും ഉറപ്പാക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. എന്നാൽ ഇത് സർക്കാരിന് മാത്രം സാധിക്കാവുന്ന ഒന്നല്ല. ജനങ്ങൾക്ക് ഒന്നാകെ മികച്ച ഭക്ഷണശീലത്തെ പറ്റി ധാരണ ഉണ്ടാകണം. ഇത്തരം ഉള്ളടക്കങ്ങൾ വഴി കുട്ടിക്കാലം മുതൽ തന്നെ നമുക്കത് വളർത്തിയെടുക്കാൻ സാധിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

സമഗ്ര കായിക ആരോഗ്യ വിദ്യാഭ്യാസ പദ്ധതി സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമാണ്. വരും വർഷങ്ങളിൽ എസ് സി ഇ ആർ ടി യും എസ് ഐ ഇ ടി യും സമയബന്ധിതമായ പ്രവർത്തനങ്ങളിലൂടെ സമഗ്ര കായിക ആരോഗ്യ വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്ക്കരിക്കും. പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഏജൻസികളും അവരുടെ പരിപാടികളിൽ ആരോഗ്യ ശീലങ്ങൾ പരിശീലിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

പൊതു വിദ്യാഭ്യാസ ഡയറക്ടർ എസ് ഷാനവാസ് അധ്യക്ഷനായ ചടങ്ങിൽ എസ്.സി.ഇ.ആർ.ടി ഡയറക്ടർ ഡോ ആർ കെ ജയപ്രകാശ്, എസ്.ഐ.ഇ.ടി ഡയറക്ടർ ബി അബുരാജ്, വിദ്യാകിരണം കോ-ഓഡിനേറ്റർ ഡോ സി രാമകൃഷ്ണൻ, എസ്.ഐ.ഇ.ടി സീനിയർ അക്കാദമിക്ക് കോ-ഓഡിനേറ്റർ സുരേഷ് ബാബു ആർ എസ് തുടങ്ങിയവർ പങ്കെടുത്തു.

# താമരശേരി ചുരത്തിൽ കൂറ്റൻ പാറ റോഡിലേക്ക് അടർന്നുവീണു; തലനാരിഴയ്ക്ക് അപകടമൊഴിവായി

കോഴിക്കോട്: താമരശേരി ചുരത്തിൽ കൂറ്റൻ പാറ റോഡിലേക്ക് അടർന്നു വീണു അപകടം. ഒമ്പതാം വളവിന് താഴെ ഇന്ന് രാവിലെ 11.50ഓടെയാണ് സംഭവം. റോഡിന് അധികം വീതിയില്ലാത്ത ഇടുങ്ങിയ ഭാഗത്തെ കൂറ്റൻ പാറ അടർന്ന് റോഡിലേക്ക് വീഴുകയായിരുന്നു.

സംഭവത്തെ തുടർന്ന് ചുരത്തിൽ ഭാഗികമായി ഗതാഗതം തടസപ്പെട്ടു. അപകടസമയം ഇതുവഴി വാഹനങ്ങൾ കടന്നുപോകാത്തതിനാൽ തലനാരിഴയ്ക്കാണ് വലിയ അപകടമൊഴിവായത്. ബോംബ് സ്ഫോടനം മാലപ്പടക്കമാക്കി; പോലീസിനെതിരെ ശോഭാ സുരേന്ദ്രൻ

തൃശൂർ: തന്റെ വീടിന് മുന്നിൽ നടന്ന ബോംബ് സ്ഫോടനം പോലീസ് മാലപ്പടക്കമാക്കി മാറ്റിയെന്ന ആരോപണവുമായി ബിജെപി സംസ്ഥാന വൈസ് പ്രസിഡൻറ് ശോഭ സുരേന്ദ്രൻ. അയൽവാസികൾ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് പൊട്ടിത്തെറിയുടെ വിവരം പോലീസിനെ അറിയിച്ചതെന്നും വിഷയത്തിൽ പോലീസിന്റെ ഭാഗത്തുനിന്ന് ഗൂഢാലോചന നടന്നുവെന്നും ശോഭ ആരോപിച്ചു.

ബോംബ് പൊട്ടിയെന്ന് കാണിച്ച് താൻ കേസ് കൊടുത്തിട്ടുണ്ട്. കേസ് അവസാനിപ്പിച്ചതായി പോലീസ് തനിക്ക് നോട്ടീസ് നൽകുകയോ എന്നെ അറിയിക്കുകയോ ചെയ്തിട്ടില്ല. തൃശൂർ എസിപി കേസ് അന്വേഷിച്ചാൽ മാലപ്പടക്കം പോലും ആവില്ല. എസിപിക്ക് തന്നോട് കാലങ്ങളായി പ്രത്യേക സ്നേഹമുണ്ടെന്നും ശോഭ പരിഹസിച്ചു.

പൊട്ടിയത് മാലപ്പടക്കമല്ലെന്നും തന്നെ അപായപ്പെടുത്താൻ സംഘം ബൈക്കിൽ എത്തിയത് തന്നെയാണെന്നും ശോഭ ആരോപിച്ചു. അതേസമയം ശോഭ സുരേന്ദ്രന്റെ വീടിന് മുന്നിലെ പൊട്ടിത്തെറിയിൽ ദുരൂഹതയില്ലെന്നാണ് പോലീസ് വശദീകരണം.

പൊട്ടിയത് പടക്കമാണെന്നും നാട്ടുകാരായ മൂന്നു യുവാക്കളാണ് ശോഭയുടെ വീടിന് മുമ്പിൽ പടക്കം പൊട്ടിച്ചതെന്നുമാണ് പോലീസ് കണ്ടെത്തിയത്. അലക്ഷ്യമായി പടക്കം പൊട്ടിച്ചതിന് മാത്രം കേസെടുത്ത് പോലീസ് യുവാക്കളെ വിട്ടയക്കുകയായിരുന്നു.

# പാക്കിസ്ഥാന് സഹായവുമായി ചൈന; ദീർഘദൂര മിസൈലുകൾ നൽകി

ന്യൂഡൽഹി: പാക്കിസ്ഥാന് പിന്തുണ പ്രഖ്യാപിച്ചതിന് പിന്നാലെ ആയുധങ്ങളും നൽകി ചൈന. യുദ്ധകാലാടിസ്ഥാനത്തിൽ കൂടുതൽ ആയുധങ്ങളും ദീർഘദൂര മിസൈലുകളും ചൈന പാക്കിസ്ഥാന് കൈമാറിയെന്നാണ് റിപ്പോർട്ട്. പിഎൽ - 15 ദീർഘദൂര മിസൈലുകളാണ് പാക്കിസ്ഥാനു നൽകിയത്. പാക്ക് വ്യോമസേന പുറത്തുവിട്ട ഏറ്റവും പുതിയ ജെഎഫ് -17 ബ്ലോക്ക് കകക യുദ്ധവിമാനങ്ങളിൽ പിഎൽ -15 ബിയോണ്ട് വിഷ്വൽ റേഞ്ച് (ബിവിആർ) മിസൈലുകളാണ് ഘടിപ്പിച്ചിരിക്കുന്നത്. ചൈനീസ് പീപ്പിൾസ് ലിബറേഷൻ ആർമിയുടെ ആഭ്യന്തര സ്റ്റോക്കുകളിൽ നിന്നാണ് ഇത് പാക്ക് സൈന്യത്തിനു ലഭ്യമായതെന്നാണു വിവരം. ഈ മിസൈലിന് 200 മുതൽ 300 കിലോമീറ്റർ വരെ (120190 മൈൽ) ദൂരപരിധിയുണ്ടെന്നാണു റിപ്പോർട്ട്.

# പഹൽഗാം: ഇന്ത്യ സ്വന്തം ജനങ്ങളെ കൊന്നിട്ട് പാക്കിസ്ഥാനുമേൽ കുറ്റം ചുമത്തുന്നുവെന്ന് ഷാഹിദ് അഫ്രീദി

ഇസ്‌ലാമാബാദ്: പഹൽഗാം ഭീകരാക്രമണത്തിൽ വിവാദ പ്രസ്താവനയുമായി പാക്കിസ്ഥാൻ മുൻക്രിക്കറ്റ് താരം ഷാഹിദ് അഫ്രീദി. പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ ഇന്ത്യ തന്നെയാണെന്നാണ് ഷാഹിദ് അഫ്രീദി ആരോപിച്ചു. അരമണിക്കൂറോളം ആക്രമണം നടന്നിട്ട് ഒരു ഇന്ത്യൻ സൈനികൻ പോലും വന്നില്ല. സ്വന്തം ജനങ്ങളെ കൊന്നിട്ട്, പഴി പാക്കിസ്ഥാനുമേൽ ചുമത്തുകയാണ് ഇന്ത്യയെന്നും അഫ്രീദി ആരോപിച്ചു. പഹൽഗാം ഭീകരാക്രമണത്തിനു പിന്നാലെ പാക്കിസ്ഥാനുമായുള്ള എല്ലാ ക്രിക്കറ്റ് ബന്ധങ്ങളും ഉപേക്ഷിക്കണമെന്ന് ഇന്ത്യൻ ക്രിക്കറ്റ് മുൻ താരങ്ങളായ സൗരവ് ഗാംഗുലിയും ശ്രീവത്സ് ഗോസ്വാമിയും ആവശ്യപ്പെട്ടിരുന്നു.

# ഡ്യൂട്ടി കഴിഞ്ഞ് മടങ്ങുന്നതിനിടെ പിക്കപ്പ് വാൻ ഇടിച്ച് തെറിപ്പിച്ചു; പോലീസുകാരന് പരിക്ക്

കൊച്ചി: മലയാറ്റൂരിൽ ഡ്യൂട്ടി കഴിഞ്ഞ് മടങ്ങിയ പൊലീസുകാരനെ പിക്കപ്പ് വാൻ ഇടിച്ച് തെറിപ്പിച്ചു. അതിരമ്പുഴ സ്വദേശി നിതിനെയാണ് വാഹനം ഇടിച്ച് തെറിപ്പിച്ചത്. അപകടത്തിൽ പരിക്കേറ്റ ഇയാൾ ചികിത്സയിലാണ്. നിലവിൽ അപകടനില തരണം ചെയ്തിട്ടുണ്ടെന്നാണ് വിവരം. ഞായറാഴ്ച രാത്രിയിലാണ് സംഭവം. ഇടിച്ച ശേഷം വാഹനം നിർത്താതെ പോയി എന്നാണ് വിവരം. വാഹനം തിരിച്ചറിഞ്ഞതായി കാലടി എസ്എച്ച്ഒ അറിയിച്ചു.

# മൂവാറ്റുപുഴയിൽ വൻ കഞ്ചാവ് വേട്ട; മൂന്നുപേർ അറസ്റ്റിൽ

കൊച്ചി: മൂവാറ്റുപുഴയിൽ വൻ കഞ്ചാവ് വേട്ട. 30 കിലോയോളം കഞ്ചാവുമായി യുവതിയുൾപ്പടെ മൂന്ന് അതിഥി തൊഴിലാളികൾ പിടിയിൽ.

പശ്ചിമ ബംഗാൾ മൂർഷിദാബാദ് ഗോഷ്പാറ സ്വദേശി സുഹേൽ റാണ മണ്ഡൽ (40) മൂർഷിദാബാദ് ജാലംഗി സ്വദേശി അലൻ ഗിൽ ഷെയ്ക്ക് (33) മൂർഷിദാബാദ് ജാലംഗി സ്വദേശിനി ഹസീന ഖാത്തൂൺ (33) എന്നിവരെയാണ് റൂറൽ ജില്ലാ ഡാൻസാഫ് ടീമും മൂവാറ്റുപുഴ പോലീസും ചേർന്ന് പിടികൂടിയത്.

സമീപകാലത്ത് റൂറൽ ജില്ലയിൽ നടത്തിയ വലിയ മയക്കുമരുന്ന് വേട്ടയാണ് ഇത്. പോലീസ് പിടിയിലാകാതിരിക്കുന്നതിനായി ഒഡീഷയിൽ നിന്ന് ട്രെയിൻ മാർഗം തൃശൂരെത്തി അവിടെനിന്നും ഓട്ടോയിലാണ് പ്രതികൾ മൂവാറ്റുപുഴയിലേക്ക് എത്തിയത്.

ജില്ലാ പോലീസ് മേധാവി എം. ഹേമലതയുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ മൂവാറ്റുപുഴ സംഗമം ജംഗ്ഷനിലെ ബസ് സ്റ്റോപ്പിൽ നിന്നാണ് ഇവരെ കസ്റ്റഡിയിലെടുത്തത്.

കിലോയ്ക്ക് 2000 രൂപയ്ക്ക് ഒഡീഷയിൽനിന്ന് വാങ്ങിയ കഞ്ചാവ് 20000 രൂപക്ക് ഇവിടെ കൈമാറി ഉടൻ തിരിച്ചു പോകാനായിരുന്നു പദ്ധതി. 27 പ്രത്യേക പായ്ക്കറ്റുകളിലാക്കിയാണ് കഞ്ചാവ് കൊണ്ടുവന്നത്. ഇവരിൽ നിന്ന് കഞ്ചാവ് വാങ്ങുന്നവരെക്കുറിച്ചും പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

ജില്ലാ പോലീസ് മേധാവി എം. ഹേമലതയുടെ നേതൃത്വത്തിൽ നർക്കോട്ടിക്ക് സെൽ ഡിവൈഎസ്പി ജെ. ഉമേഷ് കുമാർ, മൂവാറ്റുപുഴ ഡിവൈഎസ്പി പി. എം ബൈജു, ഇൻസ്പെക്ടർ ബേസിൽ തോമസ്, ഡാൻസാഫ് ടീം എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്.

# പീഡനക്കേസിൽ ജയിൽശിക്ഷ അനുഭവിക്കുന്നയാൾ പരാതിക്കാരിയെ വിവാഹം ചെയ്തു

ബെഹ്‌റംപുർ: ഒഡീഷയിൽ പീഡനക്കേസിൽ ജയിൽശിക്ഷ അനുഭവിക്കുന്നയാൾ പരാതിക്കാരിയായ പെൺകുട്ടിയെ വിവാഹം ചെയ്തു. ഃപോളസര പോലീസ് സ്റ്റേഷൻ പരിധിയിലെ ഗോച്ചബാദി സ്വദേശി സൂര്യകാന്ത് ബെഹ്റയാണ് വിവാഹിതനായത്. ഗുജറാത്തിലെ സൂറത്തിൽ ജോലി ചെയ്യുകയായിരുന്നു ഇയാൾ. ഇതിനിടെയാണ് ഇയാൾ കേസിൽ ഉൾപ്പെട്ടത്.

ഗഞ്ചം ജില്ലയിലെ കൊഡാലയിലെ സബ് ജയിലിൽ വച്ചാണ് പ്രതി പെൺകുട്ടിയെ വിവാഹം ചെയ്തത്. വധുവിന്റെയും വരന്റെയും കുടുംബങ്ങൾ തമ്മിലുള്ള ചില തെറ്റിദ്ധാരണകൾ കാരണം, 22 കാരിയായ പെൺകുട്ടി ബെഹ്റയ്ക്കെതിരെ പീഡന പരാതി നൽകി. തുടർന്ന് അയാളെ കസ്റ്റഡിയിലെടുക്കുകയായിരുന്നു.

സൂര്യകാന്ത് ജയിലിലായിരുന്നുവെങ്കിലും പെൺകുട്ടി ഇയാളെ വിവാഹം ചെയ്യാൻ സമ്മതിക്കുകയായിരുന്നു.

വധൂവരന്മാരുടെ കുടുംബാംഗങ്ങളുടെയും നിരവധി പ്രമുഖരുടെയും ജയിൽ ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിലാണ് ജയിൽ വളപ്പിൽ വിവാഹം നടന്നത്.

ജയിൽ അധികൃതരുടെ അനുമതി ലഭിച്ചതിനു ശേഷം, എല്ലാ നിയമപരമായ വശങ്ങളും പാലിച്ച ശേഷമാണ് ഞങ്ങൾ അവരുടെ വിവാഹ ചടങ്ങുകൾ ഏകോപിപ്പിച്ചതെന്ന് കൊഡാല സബ് ജയിലിലെ ജയിലർ തരിണിസെൻ ദെഹുരി പറഞ്ഞു.

ജയിൽ ഉദ്യോഗസ്ഥർ തന്നെ ഒരുക്കിയ അലങ്കരിച്ച ഇലക്ട്രിക് വാഹനത്തിലാണ് വരൻ വേദിയിലെത്തിയത്. വിവാഹ ചടങ്ങുകൾ പൂർത്തിയാക്കിയ ശേഷം വരനെ വീണ്ടും ജയിലിലടച്ചു. അതേസമയം, വധു വീട്ടിലേക്ക് മടങ്ങി.

# യുവാവിന് മദ്യം നൽകി സ്വർണമാലയും പണവും കവർന്ന കേസ്: രണ്ട് പേർ അറസ്റ്റിൽ

തിരുവനന്തപുരം: ആറ്റിങ്ങലിൽ യുവാവിന് മദ്യം നൽകി സ്വർണമാലയും പണവും കവർന്ന കേസിൽ രണ്ട് പേർ അറസ്റ്റിൽ. കീഴാറ്റിങ്ങൽ തിനവിള സ്വദേശി എറണ്ട എന്ന രാജു(47), ചിറയിൻകീഴ് മേൽകുടയ്ക്കാവൂർ സ്വദേശി പ്രദീപ് (40) എന്നിവരാണ് അറസ്റ്റിലായത്.

കഴിഞ്ഞ ആറിന് രാത്രി കടയ്ക്കാവൂർ സ്വദേശിയെ തിനവിളയിൽ നിന്നും ബൈക്കിൽ കയറ്റി ആറ്റിങ്ങലിലെ ബാറിൽ കൊണ്ട് വന്നു മദ്യം നൽകി ബോധം കെടുത്തിയ ശേഷം ആറ്റിങ്ങൽ പ്രൈവറ്റ് ബസ്സ്റ്റാൻഡിന് പുറക് വശം കൊണ്ട് വന്ന് മർദിച്ച് അവശനാക്കിയ ശേഷം കഴുത്തിൽ കിടന്ന മൂന്ന് പവന്റെ മാലയും 25000 രൂപയും കവർന്ന കേസിലാണ് ഇരുവരും അറസ്റ്റിലായത്. രാജു ആറ്റിങ്ങൽ, കടയ്ക്കാവൂർ, ചിറയിൻകീഴ് പോലീസ് സ്റ്റേഷനുകളിൽ കൊലപാതക ശ്രമം, കൂട്ടകവർച്ച അടക്കമുള്ള നിരവധി കേസുകളിൽ പ്രതിയാണ്. 1990 മുതലുള്ള കാലയളവിൽ 30 ഓളം കേസുകളിൽ പ്രതിയായുള്ള രാജു സംഭവത്തിന് ശേഷം തൃശൂർ ചാവക്കാട് ഒളിവിൽ പോവുകയായിരുന്നു. രാജുവിനെ ചാവക്കാട് നിന്നും, കുമാറിനെ കഠിനംകുളം ഭാഗത്ത് നിന്നും ആറ്റിങ്ങൽ പൊലീസ് അറസ്റ്റ് ചെയ്യുകയായിരുന്നു. അറസ്റ്റിലായ പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

# വനിതാ ഡോക്ടറെ പീഡിപ്പിച്ച പോലീസുകാരൻ അറസ്റ്റിൽ

തിരുവനന്തപുരം: വനിതാ ഡോക്ടറെ പീഡിപ്പിച്ച കേസിൽ പോലീസുകാരൻ അറസ്റ്റിൽ. കിളിമാനൂർ വെള്ളല്ലൂർ സ്വദേശി വിജയിയെയാണ് തമ്പാനൂർ പോലീസ് അറസ്റ്റ് ചെയ്തത്.

എറണാകുളം സ്വദേശിനിയായ വനിതാ ഡോക്ടറെ തമ്പാനൂരിലെ ലോഡ്ജിൽ കൊണ്ടു വന്നു പീഡിപ്പിച്ചെന്നാണ് കേസ്. തിരുവനന്തപുരം സ്വദേശിയായ പോലീസുകാരനും എറണാകുളം സ്വദേശിയായ വനിത ഡോക്ടറും ബംബിൾ എന്നൊരു ഡേറ്റിംഗ് ആപ്പിലൂടെയാണ് പരിചയപ്പെടുന്നത്.

തിരുവനന്തപുരം സിറ്റി എആർ ക്യാമ്പിലെ പോലീസുകാരനാണ് വിജയ്. ഡോക്ടറുടെ പരാതിയിൽ തമ്പാനൂർ പോലീസ് ഇയാൾക്കെതിരെ കേസെടുത്തിട്ടുണ്ട്.

ആപ്പിലൂടെ പരിചയപ്പെട്ടതിന് ശേഷം കാണാനെന്ന് പറഞ്ഞ് വിളിച്ചുവരുത്തി പീഡിപ്പിച്ചെന്നാണ് ഇയാൾക്കെതിരെ വനിത ഡോക്ടർ പരാതി നൽകിയിരിക്കുന്നത്.

# ക്വട്ടേഷൻ ക്ഷണിച്ചു

ക്ലീൻ കേരള കമ്പനിയുടെ കേരളത്തിലെ 14 ജില്ലാ ഓഫീസുകളിലും ഹെഡ് ഓഫീസിലും ടാലി സോഫ്റ്റ്‌വെയർ ബന്ധിപ്പിക്കുന്നതിനുവേണ്ടി പ്രവർത്തന പരിചയമുള്ള ടാലി പാർട്ണർമാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ഏപ്രിൽ 30ന് വൈകുന്നേരം 5 മണിക്ക് മുൻപായി ക്ലീൻ കേരള കമ്പനിയുടെ തിരുവനന്തപുരത്തുള്ള ആസ്ഥാനത്ത് ക്വട്ടേഷനുകൾ സമർപ്പിക്കണം. ഫോൺ നമ്പർ: 0471 2724600.